നവംബർ 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail:cherupushpamkuries@bsnl.in
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 29**
**2023 നവംബർ**
**ലക്കം 11**


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഓർമ്മിക്കുക ആചരിക്കുക | 04 |
| പ്രതിനിധിയോഗ വാർത്തകൾ | 05 |
| മാതൃവേദി | 07 |
| വിശ്വാസ പരിശീലന വാർത്തകൾ | 10 |
| സ്നേഹോത്സവം | 12 |
| ബൈബിൾ ക്വിസ് | 14 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 16 |
| മനുഷ്യാ നീ മണ്ണാകുന്നു | 17 |
| മരണാനന്തരം | 18 |
| നവംബർ 1 | 20 |
| അഞ്ച് ജന്മദിനങ്ങൾ | 21 |
| ഹെൽത്ത് കോർണർ | 22 |
| നിയമാവബോധം | 24 |
| ഒങ്ങൾ വരവായി | 25 |
| ഞങ്ങൾ ഒന്നായി | 26 |
| ഇടവകയിൽനിന്നും മാറിയവർ | 26 |
| വിശുദ്ധനാട്ടിലേക്കൊരു തീർത്ഥയാത്ര | 27 |
| പുലിമരം ഡ/ൊ ഏ.സി. | 29 |
| അസൂയയ്ക്ക് മരുന്നില്ല | 31 |
| ചായക്കൂട്ട് മത്സരം | 32 |



ചീഫ് എഡിറ്റർ
**ഫാ. ജെയ്സൻ പുന്നശ്ശേരി** 9526131319

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ഏക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560


**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

സാധാരണ ദിവസം – **6.30 a.m**
ഞായർ – **6.30 a.m 9.45 a.m**

**നടത്തുകൈക്കാരൻ**
**ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560**

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കവ്വാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



മകനേ, നീ ബലിപീഠത്തിൽ നിൽക്കുമ്പോൾ എന്നെ ഓർക്കുക – മോനിക്കാ പുണ്യവതിയുടെ മകനോടുള്ള മരണസമയത്തെ അഭ്യർത്ഥനയാണിത്. ദിവ്യബലി മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കാനുതകും എന്നാണല്ലോ ട്രെന്റ് സൂനഹദോസിന്റെ നിർവചനം. 2 മക്ക 12/45ൽ യൂദാസ് മക്കബോയൂസ് പന്തീരായിരം നാണയം പിരിച്ചെടുത്ത് ജറുസലെമിലേക്ക് അയച്ചതായി രേഖപ്പെടുത്തുന്നു. അത് മറ്റൊന്നിനുമായിരുന്നില്ല. തന്റെ കൂടെ പോർക്കളത്തിൽ യുദ്ധം ചെയ്ത് മരിച്ചു വീണവർക്ക് വേണ്ടി ബലികൾ സമർപ്പിക്കാൻ തന്നെയായിരുന്നു.

നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ടവർ ഏതവസ്ഥയിലാണ് എന്ന് നമുക്കറിയാത്തതിനാൽ പ്രാർത്ഥനയും പ്രായശ്ചിത്ത പ്രവൃത്തികളുമാണ് അവർക്കായി നമുക്ക് ചെയ്യാനാവുക. മരണശേഷം കൃതജ്ഞതയോടും സ്നേഹത്തോടും കൂടെ മറ്റുള്ളവർ നമ്മെ സ്മരിക്കണമെങ്കിൽ വേണ്ടുന്ന കാര്യങ്ങളിൽ ചിലതിതാ – സദാ പുഞ്ചിരിക്കുന്ന മുഖം, സൗമ്യമായ പെരുമാറ്റം, ദരിദ്രരേയും ദുർബലനേയും താങ്ങുന്ന നന്മനിറഞ്ഞ ജീവിതം, പ്രാർത്ഥന, എളിമ, ക്ഷമ – ഇത്രയുമായാൽ നമ്മുടെ പിൻഗാമികൾക്ക് നമ്മെ മറക്കാനാവുമോ. പക്ഷേ നിങ്ങൾക്കുവേണ്ടി ഞങ്ങൾക്കിനി പ്രാർത്ഥിക്കാൻ മാത്രമേ കഴിയൂ എന്ന സത്യം നാം തിരിച്ചറിയുന്ന "നവംബർ മാസം". എന്നാൽ മരണം സ്വർഗ്ഗീയ യാത്രയുടെ മുന്നോടിയായി ഭൂമിയിൽ ചെയ്ത തീർത്ഥയാത്രയുടെ പരിസമാപ്തി മാത്രം. "സഹോദരി മരണമേ" എന്ന വി. ഫ്രാൻസിസിന്റെ കാഴ്ചപ്പാട് എത്ര പ്രത്യാശ പൂർണം. നാളെ മരിക്കാനും ചീഞ്ഞളിഞ്ഞ് പുഴുവരിക്കാനുമുള്ള ശരീരത്തിന്റെ നിസ്സാരത മനസ്സിലാക്കിത്തരുന്ന നവംബർ മാസം, അതേസമയം അതിനെ പരിപാവനമായ ദേവാലയമാക്കാനുള്ള കടമയും പാപങ്ങളിൽനിന്നകന്ന് നിൽക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന വിശുദ്ധരുടെ ജീവിതമാതൃകകൾ അനുസ്മരിപ്പിക്കുന്ന നവംബർ –1. നമ്മുടെ പേരുള്ള വിശുദ്ധരെപ്പറ്റി പഠിച്ച്, അവരുടെ ജീവിതം അനുകരിക്കാൻ ഇനിയും നാം വൈകിക്കൂടാ. നരകവും ശുദ്ധീകരണസ്ഥലവും ഒഴിവാക്കാനുള്ള എളുപ്പമാർഗ്ഗം ഇതാണ്. എനിക്ക് എല്ലാ വിട്ടുതന്നാൽ മതി, ഞാൻ നിന്നെ വിശുദ്ധയാക്കാം. കർത്താവ് സി. നതാലിയയ്ക്ക് കൊടുത്ത വാക്കാണിത്. "മരണ വരുമൊരുനാൾ ഓർക്കുക മർത്ത്യാ നീ" നീർപോളപോലെയുള്ള മനുഷ്യജീവിതത്തിൽ നാം എന്നും ഉരുവിടേണ്ട ഈരടികളാണിവ.

മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ക്രിസ്തുവിന്റെ നല്ല പടയാളികളായി പൗലോസ്ലീഹായെപ്പോലെ നമുക്കും പറയാൻ സാധിക്കണം. "ഞാൻ നല്ല ഓട്ടം ഓടി, എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു" എന്ന്.

പ്രാർത്ഥനാശംസകളോടെ,

**പത്രാധിപസമിതി.**




# ജീവനും മരണവും

യാക്കോബ് ശ്ലീഹാ ഇങ്ങനെ എഴുതുന്നു. "എന്റെ സഹോദരരേ, നിങ്ങളിൽ ഒരാൾ സത്യത്തിൽ നിന്ന് വ്യതിചലിക്കുകയും അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നെങ്കിൽ പാപിയെ തെറ്റായ മാർഗ്ഗത്തിൽനിന്നും പിന്തിരിക്കുന്നവൻ, തന്റെ ആത്മാവിനെ മരണത്തിൽ നിന്നും രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റുകയും ചെയ്യുന്നുവെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ" (5:19 - 20). ഓരോ ക്രൈസ്തവനും എങ്ങിനെ ജീവിച്ചാൽ മരണാനന്തരജീവിതത്തിൽ നിത്യജീവൻ സ്വന്തമാക്കാം എന്ന് പഠിപ്പിക്കുന്നു യാക്കോബ് ശ്ലീഹാ. അസത്യത്തിൽ നിന്നും സത്യത്തേയും, അന്ധകാരത്തിൽ നിന്നും പ്രകാശത്തേയും, തിന്മയിൽനിന്നും നന്മയേയും പരിപാലിക്കുന്നതിലൂടെയാണ് നാമോരോരുത്തരും നിത്യസത്യമായ, നിത്യപ്രകാശമായ യേശുവിനെ കണ്ടെത്തുകയുള്ളൂ. നാമതിനെ കണ്ടെത്തിയാൽ പോരാ മറ്റുള്ളവരെ അതിലേക്കായി വഴിനടത്തുകകൂടി ചെയ്യണം. എങ്കിലേ നമ്മുടെ ജീവിതലക്ഷ്യം മരണത്തിലൂടെ പ്രാപ്യമാകൂ.

ഈ കഴിഞ്ഞ കുറച്ചുദിവസങ്ങളിലായി മാധ്യമങ്ങളിലൂടെ നാം കേൾക്കുന്ന ഭീതിതമായ വാർത്തകളുണ്ട്. ഇസ്രായേലും പാലസ്തീനും തമ്മിലുള്ള യുദ്ധം. അതിനെ ചൊല്ലി എന്തെല്ലാം കോലാഹലങ്ങളും വ്യാഖ്യാനങ്ങളും നവമാധ്യമങ്ങളിലൂടെ നാം കാണുന്നു കേൾക്കുന്നു. ശരിയേത് എന്ന് തിരിച്ചറിയാത്ത വിധത്തിൽ സത്യം തമസ്കരിക്കപ്പെടുന്നു. ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ മതങ്ങൾ തമ്മിലും, രാഷ്ട്രീയപാർട്ടികൾ തമ്മിലും ശരിയേത് തെറ്റേത് എന്നതിനെ കുറിച്ചുള്ള ചർച്ചകൾ, ന്യായീകരണങ്ങൾ. കൂടുതൽ തവണ ആവർത്തിക്കുന്ന തെറ്റായ വാദമുഖങ്ങൾ ശരി

യായി മാറുന്ന കാഴ്ച!. നിരപരാധികളുടെ മരണത്തെ ന്യായീകരിക്കാൻ മതവും രാഷ്ട്രീയവും മത്സരിക്കുന്നു. വരും തലമുറ ഈ യുദ്ധത്തെയും അതിലെ ശരിതെറ്റുകളെ പക്ഷം ചേർന്ന് ഏറ്റെടുത്താൽ എന്തായിരിക്കും ഫലം? ഭൂമുഖത്ത് ഇനിയും ആയിരക്കണക്കിന് നിരപരാധികളുടെ ജീവൻ ഇനിയും കുരുതികൊടുക്കപ്പെടും. മനുഷ്യരാശിയുള്ളിടത്തോളം ഈ മനുഷ്യക്കുരുതിയും ന്യായീകരണവും തുടർന്നുകൊണ്ടേയിരിക്കും. 'അവർ തങ്ങളുടെ അനീതിയിൽ സത്യത്തെ തളച്ചിടുന്നു." (റോമ 1: 18)" "ജ്ഞാനികളെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ ഭോഷന്മാരായിരിക്കുന്നു" (റോമ 1:22). അപരനെ വിധിക്കാതെ സ്വയം പാപത്തിൽ വിട്ടുകൊടുക്കാതെ ന്യായയുക്തമായി വിധിക്കുന്ന ദൈവത്തോടു വിശ്വസ്തരായി നമുക്ക് ജീവിക്കാം.

ഒത്തിരി സ്നേഹത്തോടെ,

**ജെയ്സനച്ചൻ**




## ഓർമ്മിക്കുക ആചരിക്കുക

**2023 നവംബർ**

| | | |
|---|---|---|
| 1-11-23 | ബുധൻ | സകലവിശുദ്ധരുടെയും തിരുനാൾ |
| 2-11-23 | വ്യാഴം | സകലമരിച്ചവരുടെയും ഓർമ്മ |
| 3-11-23 | വെള്ളി | വി. മാർട്ടിൻ ഡി പോറസ്സ് |
| 4-11-23 | ശനി | വി.ചാൾസ് ബൊറോമിയോ |
| 5-11-23 | ഞായർ | വി. സഖറിയായും വി. എലിസബത്തും |
| 10-11-23 | വെള്ളി | മഹാനായ ലെയോ പാപ്പ |
| 11-11-23 | ശനി | വി. മാർട്ടിൻ |
| 14-11-23 | ചൊവ്വ | വി. ലോറൻസ് |
| 16-11-23 | വ്യാഴം | വി. ജെർത്രൂദ് |
| 26-11-23 | ഞായർ | ക്രിസ്തുരാജത്വ തിരുനാൾ |
| 30-11-23 | വ്യാഴം | വി. അന്ത്രയോസ് |

# പ്രതിനിധിയോഗ തീരുമാനങ്ങൾ (08.10.2023)

1. 2023 ആഗസ്റ്റ് സെപ്തംബർ മാസത്തിലെ കണക്കും, ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗ റിപ്പോർട്ടും വായിച്ചുപാസ്സാക്കി.
2. പ്രതിനിധിയോഗ മെമ്പർമാരിൽ തുടർച്ചയായി 3 പ്രാവശ്യം Absent ആയ 7 പേരിൽ ഈ പ്രതിനിധിയോഗത്തിൽ പങ്കെടുത്ത 3 പേരെ ഒഴിവാക്കി, 4 പേർക്ക് രേഖാമൂലം അറിയിപ്പ്-കാരണം കാണിക്കൽ നോട്ടീസ് കൊടുക്കാൻ തീരുമാനിച്ചു.
3. കുടുംബകാർഡ് വെരിഫൈ ചെയ്ത് വിതരണാവശ്യത്തിനായി യൂണിറ്റുകളിലെ ഹാജർപുസ്തകത്തിലെ വീടുകളുടെ പകർപ്പ് നൽകേണ്ടതും ആയത് പരിശോധിച്ച് വിതരണം ചെയ്യുന്നതാണ്.
4. വിൻസന്റ് ഡി പോൾ സംഘടന ബിരിയാണി ചാലഞ്ച് നടത്താൻ അടുക്കള / ഹാൾ 26.11.2023 അനുവദിച്ചിരിക്കുന്നു.

**– അഡ്വ. നെറ്റോ നെല്ലിശ്ശേരി, പ്രതിനിധിയോഗ സെക്രട്ടറി**

## 08.10.2023 തിയ്യതിയിലെ പൊതുയോഗ തീരുമാനങ്ങൾ

1. പൊതുയോഗം റിപ്പോർട്ട് വായിച്ചുപാസ്സാക്കി പള്ളിയുടെ തെരട്ട് - കണക്ക് വിവരം വായിച്ചു പാസ്സാക്കി.
2. 2024 ജനുവരി തിരുനാൾ കൺവീനർമാരെ തെരഞ്ഞെടുത്തു.

| | |
|---|---|
| **ജനറൽ കൺവീനർ** | **– മേജോ കെ.ജെ.** |
| **ജോയിന്റ് കൺവീനേഴ്സ്** | **– അഡ്വ. റസ്സൽ കല്ലൂർ, ജോർലിൻ ജോഷി** |
| **ഫൈനാൻസ് കൺവീനർ** | **– ജോസഫ് രാജു അക്കര** |
| **പബ്ലിസിറ്റി കൺവിനർ** | **– സാബു തരകൻ** |
| **ദീപാലങ്കാരം കൺവീനർ** | **– ഡെൽസൺ കരേരക്കാട്ടിൽ** |
| **പന്തൽ പുഷ്പാലങ്കാരം** | **– റാഫി പുളിക്കൻ** |
| **പ്രദക്ഷിണം** | **– ജോൺസൺ കാഞ്ഞിരത്തിങ്കൽ** |
| **ഫുഡ് കൺവീനർ** | **– ഡേവിസ് അറക്കപ്പാടൻ** |
| **നേർച്ച** | **– ഔസേപ്പ് കൊളങ്ങര** |
| **വെടിക്കെട്ട്** | **– ജോബി ചിറ്റിലപ്പിള്ളി** |
| **കലാപരിപാടി** | **– സുരേഷ് ജേക്കബ്** |
| **പ്രസുദേന്തി** | **– മേരി ലാസർ** |
| **വളണ്ടിയർ** | **– ബൈജു പുളിക്കൻ** |
| **ഡെക്കറേഷൻ** | **– സ്റ്റാർലിൻ വർഗ്ഗീസ്** |
| **ലിറ്റർജി** | **– സി. കാതറിൻ (മദർ സുപ്പീരിയർ)** |

3. പള്ളിപണി നടത്തേണ്ടതിന് പ്രിലിമിനറി കമ്മിറ്റി എടുക്കുന്നത് നല്ലതാണെന്നും, പള്ളിസ്ഥലം - wet land പ്രശ്നം, കെട്ടിടങ്ങളുടെ രേഖ കൃത്യമാക്കണമെന്ന് അഭിപ്രായപ്പെട്ടു. Regularization documents of church, പള്ളിപണിയുടെ സർവ്വേ നടത്താനും നിർദ്ദേശിച്ചു.

പള്ളിപണിയുടെ സർവ്വേ നടത്താൻ പ്രാരംഭ കമ്മിറ്റി

1. വികാരി + കൈക്കാരന്മാർ, എക്സ് ഒഫീഷ്യോ, 2. പ്രതിനിധിയോഗ സെക്രട്ടറി, 3. കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, 4. സംഘടന ഏകോപനസമിതി കൺവീനർ, 5. അഡ്വ. ടി.ആർ. രാജീവ്, 6. അഡ്വ. ജോഷി പാച്ചൻ, 7. ജോസഫ് മുണ്ടശ്ശേരി, 8. ജെയിംസ് മുട്ടിക്കൽ, 9. മേഫി ഡെൽസൺ, 10. മേജോ കുന്നത്ത്, 11. സുരേഷ് ജേക്കബ്, 12. ജോസഫ് പുന്നമൂട്ടിൽ

**– മേജോ കെ.ജെ.**
**പ്രതിനിധിയോഗം സെക്രട്ടറി**



2022 സെപ്തംബർ മുതൽ 2023 ഒക്ടോബർ വരെ സേവനം ചെയ്ത് സ്ഥാനം ഒഴിഞ്ഞ കൈക്കാരന്മാർക്ക് ഇടവകയുടെ സ്നേഹാശംസകൾ...



ശ്രീ. ജോഷി പോൾ കരേരക്കാട്ടിൽ
സെന്റ് ആന്റണീസ് യൂണിറ്റ്
9847888290



ശ്രീ. അഗസ്റ്റിൻ തരകൻ
സെന്റ് സേവ്യർ യൂണിറ്റ്
9544055315

ന ന്ദി യോ ടെ...



ശ്രീ. സുരേഷ് ജേക്കബ്
ഹോളി ട്രിനിറ്റി യൂണിറ്റ്
9995430076



ശ്രീ. വിൻസെന്റ് കരേരക്കാട്ടിൽ
സെന്റ് ജോസഫ് യൂണിറ്റ്
9495131599

# മാതൃവേദി

22.09.2023 വ്യാഴാഴ്ച മാതൃവേദിയുടെ നേതൃത്വത്തിൽ കൊച്ചിയിലേക്ക് ഒരു വിനോദയാത്ര നടത്തി. കാലത്ത് കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ച് 7.30 നോടുകൂടി യാത്ര പുറപ്പെട്ടു. ആദ്യം കൊരട്ടി പള്ളിയിൽ പോയി. അവിടെവച്ച് ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. പിന്നീട് വാട്ടർമെട്രോയിലേക്കാണ് പോയത്. എറണാകുളം ഹൈക്കോർട്ട് സ്റ്റേഷനിൽ നിന്നും മെട്രോ ട്രെയിനിൽ കയറി വൈപ്പിനിൽ എത്തി. അരമണിക്കൂർ കഴിഞ്ഞ് തിരിച്ചുപോന്നു. വല്ലാർപാടത്ത് പോയി അവിടെ വച്ച് ഉച്ചഭക്ഷണം കഴിച്ചു. ഇടപ്പള്ളി പള്ളിയിലേക്ക് പോയി, അവിടെനിന്ന് മരടിലെ ഫോറം കൊച്ചി മാൾ കണ്ടു, ഞങ്ങൾ 10 മണിക്ക് പള്ളിയിൽ തന്നെ തിരിച്ചെത്തി. യാത്ര എല്ലാവർക്കും ആസ്വാദ്യകരമായിരുന്നു.

സെക്രട്ടറി, **മേരി രാജു**

## മിഷൻ പാതയിലൂടെ...

# അദിലബാദ് മിഷൻ രൂപത



തൃശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഡയറക്ടർ ഡെന്നി താണിക്കൽ അച്ചനൊപ്പം ഞാനും 11 അമ്മമാരും കൂടി അദിലബാദ് മിഷ്യൻ രൂപത സന്ദർശിക്കാൻ 21.9.2023 വ്യാഴാഴ്ച രാവിലെ 11.30 ന്റെ ട്രെയിനിൽ യാത്ര പുറപ്പെട്ടു. 22.9.2023 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ഞങ്ങൾ അവിടെ എത്തി. ഞങ്ങളെ സ്വീകരിക്കാൻ വന്ന അദിലബാദ് ബിഷപ്പിന്റെ സെക്രട്ടറി അച്ചൻ ഞങ്ങളെ രൂപതയുടെ പാസ്റ്റർ സെന്ററിലേക്കാണ് കൊണ്ടുപോയത്. ഞങ്ങൾ മൂന്നുദിവസവും അവിടെയാണ് താമസിച്ചത്. കുളിച്ച് ഫ്രഷായതിനുശേഷം ഭക്ഷണം കഴിച്ച് ഞങ്ങൾ മിഠാപ്പിള്ളി, കൊത്താപ്പിള്ളി ഭീമാരം, കാസിപ്പള്ളി എന്നീ വില്ലേജുകൾ സന്ദർശിച്ചു. ഞങ്ങളുടെ കൂടെ ആ വില്ലേജുകളിലെ വികാരിയച്ചന്മാർ ഉണ്ടായിരുന്നു. ഒരു വികാരിയച്ചന് നാലും അഞ്ചും വില്ലേജുകൾ ഉണ്ട്. പരുത്തി കൃഷിയും, കൽക്കരിയും ആണ് അവരുടെ വരുമാനമാർഗ്ഗം. പരുത്തിക്കൃഷിക്ക് അവർ വൈറ്റ് ഗോൾഡ് (white gold) എന്നും, കൽക്കരി ബ്ലാക്ക് ഗോൾഡ് (black gold) എന്നുമാണ് അവർ പറയുന്നത്. ഓരോ വില്ലേജുകളും 25 കിലോമീറ്ററോളം അകലെയാണ്. വില്ലേജുകളിലെ വീടുകളും വഴികളും വളരെ മോശമാണ്.

രണ്ടാംദിവസം ഞങ്ങൾ CMI ഫാദേഴ്സിന്റെ സെമിനാരി സന്ദർശിച്ചു. അവിടെ 1962ൽ മിഷ്യൻ തുടങ്ങിയ അച്ചനും അതിനുതാഴെയുള്ള 2 അച്ചന്മാരെയും കണ്ടു. (90 വയസ്സ് കഴിഞ്ഞ അച്ചനായിരുന്നു. എന്നാലും ഓർമ്മയ്ക്ക് കുറവൊന്നുമില്ല.) മിഷ്യൻ തുടങ്ങിയ അനുഭവങ്ങൾ അവർ പങ്കുവെച്ചു. പിന്നീട് ബല്ലം പള്ളി, ചന്ദ്രപള്ളി, നെന്നൽ പള്ളി, സാലിഗോൺ എന്നീ വില്ലേജുകൾ സന്ദർശിക്കുകയും അവരോടൊപ്പം ജപമാലയിലും മറ്റ് പ്രാർത്ഥന ശുശ്രൂഷകളിലും പങ്കുചേരുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു. മൂന്നാംദിവസം ഞായറാഴ്ച ബിഷപ്പ് ഹൗസിൽ പോയി കുർബാനയിൽ പങ്കുകൊള്ളുകയും പ്രിൻസ് പിതാവിനൊപ്പം

പാവനസ്മരണയ്ക്ക്

36-ാം ചരമവാർഷികം



## Rev. Fr Sebastian

## Thekkanath

B/o Thomas C.K

Thekkanath Cherpukaran (H)

Date of birth : 25.07.1943

Ordination : 20.12.1969

Date of death : 10.11.1987

St. Paul's Unit





# Baptised on
# 28-10-2023



## Nivaan Nidhin (Antony)

S/o Nidhin Joy & Vinaya S. Aloor
Grandson of Joy George & Sonia Joy
Kuruthukulangara House
Ayyanthole P.O.,
St. Thomas Unit



ഉച്ചവരെ ചെലവഴിച്ച് പിതാവിനൊപ്പം ഭക്ഷണം കഴിക്കുകയും, തൃശൂർ മാതൃവേദിയിലെ അമ്മമാർ ശേഖരിച്ച ഒരുലക്ഷം രൂപ മിഷ്യൻ പ്രവർത്തനങ്ങൾക്കായി പിതാവിനെ ഏൽപ്പിക്കുകയും ചെയ്തു. നബാല, റെബീനാ എന്നീ വില്ലേജുകളും, രൂപത മൈനർ സെമിനാരിയും സന്ദർശിച്ചു. പുറനാട്ടുകര ഇടവകയിലെ രണ്ടുമക്കൾ വൈദികപഠനത്തിന് അവിടെ രണ്ടാംവർഷം പഠിക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് അതീവ സന്തോഷമായി. പിതാവ് അവിടെ എഫാത്ത എന്നുപേരുള്ള ഒരു വലിയ ധ്യാനകേന്ദ്രം തുടങ്ങിയിട്ടുണ്ട്. അതിന്റെ മുമ്പിൽ മാതാവിന്റെ ഓരു ഗ്രോട്ടോ പണിതിട്ടുണ്ട്. കൊറോണ എന്ന മാരക അസുഖം കാർന്നുതിന്നുമ്പോൾ പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യത്തിൽ പിതാവ് തന്റെ ആശയത്തിൽ സ്വന്തം കൈകൊണ്ട് പണിതതാണ്. പ്രിൻസ് പിതാവ് നമ്മുടെ അരിമ്പൂര് ഇടവകക്കാരനാണ്. പിതാവിന് മുമ്പുണ്ടായിരുന്ന പിതാവ് ജോസഫ് കുന്നത്ത് പിതാവ്, നമ്മുടെ തൂങ്കുഴി പിതാവിന്റെ ഇടവകക്കാരനാണ്. ജോസഫ് കുന്നത്ത് പിതാവ് പാസ്റ്റർ സെന്ററിലാണ് താമസം. നാലാംദിവസം ജോസഫ് പിതാവാണ് ഞങ്ങൾക്കുവേണ്ടി ബലിയർപ്പിച്ചത്. കാലത്ത് 9 മണിയോടുകൂടി ബ്രേക്ക് ഫാസ്റ്റും കഴിച്ച് ഞങ്ങൾ തിരിച്ചുപോന്നു.

നമ്മുടെ രൂപതയിലെ കുരിയച്ചിറ, അരിമ്പൂര്, ലൂർദ്, കൊളേങ്ങാട്ടുകര എന്നീ പള്ളികൾ അവിടത്തെ വില്ലേജുകളിൽ ചെറിയ പള്ളികൾ പണിതുകൊടുത്തിട്ടുണ്ട്. വില്ലേജുകളിലെ എല്ലാ കുടുംബങ്ങളും ദൈവവിശ്വാസമുള്ളവരാണ്. അവരെല്ലാവരും ഒത്തൊരുമയിൽ കഴിയുന്നവരാണ്. പള്ളികൾ ഇല്ലാത്ത വില്ലേജുകളിൽ ഒരു വീട്ടിൽ ആസ്ബറ്റോസ് ഷീറ്റ് ഇട്ടിട്ടാണ് കുർബാന അർപ്പിക്കുന്നത്. മിഷ്യൻ പ്രവർത്തനത്തേപ്പറ്റി കേട്ടുകേൾവിമാത്രമുള്ള ഞങ്ങൾക്ക് ഈ യാത്ര ഒരുപാട് അനുഭവങ്ങളുടെ ഒരു വേദിയായി മാറുകയായിരുന്നു.

എന്ന്,

**മേരി രാജു**

സെനറ്റ് മെമ്പർ, മാതൃവേദി, തൃശൂർ അതിരൂപത

**2023 ഡിസംബർ 10ന്**

**മരിയനാദം, കുടുംബകൂട്ടായ്മ, കേന്ദ്രസമിതി എന്നിവരുടെ ആഭിമുഖ്യത്തിൽ സാഹിത്യമത്സരങ്ങൾ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് കുടുംബ യൂണിറ്റ് ഭാരവാഹികളെ ബന്ധപ്പെടുക**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹംനിറഞ്ഞ അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളെ,

നവംബർ 2-ാം തീയതി സകല മരിച്ചവരുടേയും ഓർമ്മത്തിരുനാൾ നാം ആചരിക്കുകയാണല്ലോ. മരിച്ചുപോയ സകല വിശ്വാസികൾക്ക് വേണ്ടി നമുക്ക് ത്യാഗപൂർവ്വം പ്രാർത്ഥിക്കാം.

ഒക്ടോബർ മാസത്തിൽ നടത്തിയ അർദ്ധവാർഷിക പരീക്ഷയിൽ പങ്കെടുത്ത് മികച്ച വിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാർത്ഥികളേയും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കളേയും പ്രത്യേകം അഭിനന്ദിക്കുന്നു. മേൽപറഞ്ഞ പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്കും മുടങ്ങിയ വിദ്യാർത്ഥികൾക്കും നവംബർ 19-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ 2 മണിമുതൽ 4 മണിവരെയുള്ള സമയത്ത് പുനഃപരീക്ഷ നടത്തുന്നതായിരിക്കും. ഈ പരീക്ഷയിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ പ്രമോഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന കാര്യം മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മിഷൻസൺഡേയോടനുബന്ധിച്ച് നടത്തിയ ഫുഡ് ഫെസ്റ്റ് വളരെ മനോഹരമായ രീതിയിൽ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ എല്ലാ അദ്ധ്യാപകരേയും പി.ടി.എ. എക്സിക്യുട്ടീവ് ഭാരവാഹികളേയും വിദ്യാർത്ഥികളേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിരേഖപ്പെടുത്തുകയും ചെയ്യുന്നു. ഫുഡ്ഫെസ്റ്റിന് വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചനും കൈക്കാരന്മാർക്കും കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദി. മിഷൻ സൺഡേ പ്രോഗ്രാം കൺവീനറായ റവ. സി. ലിഖിയ റാഫേൽ CHF, സോഷ്യൽ മിനിസ്ട്രി ആനിമേറ്റർ ബബിതടീച്ചർ എന്നിവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഫുഡ് ഫെസ്റ്റ് വഴി സമാഹരിച്ച തുക മണിപ്പൂർ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. ഒക്ടോബർ 29-ാം തീയതി ദേവാലയത്തിൽവെച്ച് നടത്തപ്പെട്ട ജപമാല സമർപ്പണത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും നേതൃത്വം നല്കിയ അദ്ധ്യാപകർക്കും പ്രത്യേകം നന്ദി. അതിരൂപതാതലത്തിൽ നടത്തിയ ലോഗോസ് പരീക്ഷയിൽ consolation prize ന്

അർഹമായ ടീമിലെ വിദ്യാർത്ഥികളായ ആൻതെരേസ, മേരിജോ, എയ്സൽ റോസ് ജോഷി എന്നിവർക്ക് വിശ്വാസപരിശീലനയൂണിറ്റിന്റെ അഭിനന്ദനങ്ങൾ സ്നേഹ പൂർവ്വം നേരുന്നു.

നവംബർ 4-ാം തീയതി മതാദ്ധ്യാപകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയാ യുടെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. ആയതിനാൽ നവംബർ 5-ാം തീയതി ഞായറാഴ്ച നമ്മുടെ യൂണിറ്റിൽ മതാദ്ധ്യാപകദിനം വിദ്യാർത്ഥികളുടെ നേതൃത്വ ത്തിൽ സമുചിതമായി ആചരിക്കുന്നതാണ്.

നമ്മുടെ ഇടവകവിശ്വാസപരിശീലനദിനാഘോഷങ്ങൾ നവംബർ 12-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് ആരംഭിക്കുന്നതാണ്. 2023-ൽ 12-ാം ക്ലാസ് പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും എസിസി വിദ്യാർത്ഥികൾ ക്കുള്ള മെമന്റോകളും വിതരണം ചെയ്യുന്നതാണ്. കഴിഞ്ഞവർശം ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള എൻഡോവ്മെന്റുകളും ട്രോഫികളും മുഴുവൻ ഹാജർ നേടിയ വിദ്യാർത്ഥികൾക്കുള്ള ആദരവും അന്നേദിവസം നൽകുന്നതായി രിക്കും. വിദ്യാർത്ഥികളുടെ ആകർഷകമായ കലാപരിപാടികളും ഉണ്ടായിരിക്കു ന്നതാണ്. പ്രസ്തുത വിശ്വാസപരിശീലനദിനാഘോഷങ്ങൾക്ക് എല്ലാ വിദ്യാർത്ഥിക ളേയും അവരുടെ മാതാപിതാക്കളേയും സ്നേഹമുള്ള ഇടവകാംഗങ്ങളേയും ഏറെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നവംബർ 26-ാം തിയ്യതി ഞായറാഴ്ച ആഘോഷമായ ദിവ്യബലിയോടും യേശു രാജാധിരാജനാണ് എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടുള്ള ക്രിസ്തുരാജ റാലിയോടും കൂടി നാം മിശിഹായുടെ രാജത്വതിരുനാൾ ആഘോഷിക്കുന്നു. അന്നേദിവസം കാലത്ത് വിശ്വാസപരിശീലനക്ലാസുകളിൽ വരുമ്പോൾ എല്ലാ വിദ്യാർത്ഥികളും പ്ലക്കാർഡുകൾ ഉണ്ടാക്കി കൊണ്ടുവരേണ്ടതാണ്. ഏറ്റവും മനോഹരമായ പ്ലക്കാർ ഡുകൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഡോ. ജോയ് കരേരക്കാട്ടിൽ**

(പ്രിൻസിപ്പാൾ)

**സെന്റ് തോമസ് കുടുംബ സമ്മേളനം**
**നവംബർ 19 ഞായറാഴ്ച തോപ്പിൽ ജോസിന്റെ**
**ഭവനത്തിൽ നടത്തുന്നു.**

# സ്നേഹോത്സവം 2023

| തിയ്യതി | ഇടവക പള്ളിയിൽ | മേഖലയിൽ | കുടുംബ യൂണിറ്റിൽ |
|---|---|---|---|
| 26.11.2023 ഞായർ | 06.30 am ദിവ്യബലി | 10.00 am പതാക ഉയർത്തൽ | 10.30 am ന് എല്ലാ ഭവനങ്ങളിലും പതാക ഉയർത്തൽ |
| 03.12.2023 ഞായർ | 06.30 am അഭിവന്ദ്യ പിതാവിന് സ്വീകരണം, ദിവ്യബലി, സ്നേഹോത്സവം ഉദ്ഘാടനം, ബ്രദേഴ്സിനെ വാർഡ് ഭാരവാഹികളെ ഭരമേൽപ്പിക്കൽ<br>06.00 pm വചന പ്രഘോഷണം, ആരാധന വിഷയം: ക്രിസ്തീയ ജീവിതം: വിശുദ്ധിയിലേക്കുള്ള വിളി<br>8.00pm യുവജന സ്നേഹോത്സവം, കുട്ടികളുടെ സ്നേഹാത്സവം. | 5.30 pm ജപമാല റാലി ആരംഭം<br>6.00 pm ജപമാല പള്ളിയിൽ എത്തിച്ചേരുന്നു | 7.30 am മുതൽ 3.30 pm വരെ ഭവനസന്ദർശനം |
| 04.12.2023 തിങ്കൾ | 6.00 - 9.30pm – വചന പ്രഘാഷണം, ആരാധന. വിഷയം : ദൈവകാരുണ്യം<br>6.00pm യുവജന സ്നേഹോത്സവം, കുട്ടികളുടെ സ്നേഹോത്സവം. | 6.00 am ദിവ്യബലി, കുമ്പസാരം<br>5.30 pm ജപമാല റാലി ആരംഭം | 7.30 am മുതൽ 3.30 pm വരെ ഭവനസന്ദർശനം |
| 05.12.2023 ചൊവ്വ | 5.00 pm മുതിർന്ന പൗരന്മാരുടെ സംഗമം<br>6.00 - 9.30 pm വചന പ്രഘോഷണം, ആരാധന വിഷയം: ക്രിസ്തീയ കുടുംബവും സ്നേഹത്തിന്റെ ആനന്ദവും<br>6.00pm യുവജന സ്നേഹോത്സവം, കുട്ടികളുടെ സ്നേഹോത്സവം | 6.00 am ദിവ്യബലി, കുമ്പസാരം<br>5.30 pm ജപമാല റാലി ആരംഭം | 7.30 am മുതൽ 3.30 pm വരെ ഭവനസന്ദർശനം |
| 06.12.2023 ബുധൻ | 5.00 pm ദമ്പതി സംഗമം<br>6.00 pm- വചന പ്രഘോഷണം, ആരാധന വിഷയം: ഇടവക – കുടുംബങ്ങളുടെ കുടുംബം<br>6.00pm യുവജന സ്നേഹോത്സവം, കുട്ടികളുടെ സ്നേഹോത്സവം | 6.00 am ദിവ്യബലി, കുമ്പസാരം<br>5.30 pm ജപമാല റാലി ആരംഭം | 7.30 am മുതൽ 3.30 pm വരെ ഭവനസന്ദർശനം |
| 07.12.2023 വ്യാഴം | 6.00 pm വചന പ്രഘോഷണം, ആന്തരിക സൗഖ്യ ആരാധന വിഷയം: ആത്മാവിലുള്ള ജീവിതം<br>6.00pm യുവജന സ്നേഹോത്സവം, കുട്ടികളുടെ സ്നേഹോത്സവം, യുവജന കുമ്പസാരം | 6.00 am ദിവ്യബലി, കുമ്പസാരം<br>5.30 pm ജപമാല റാലി ആരംഭം | 7.30 am മുതൽ 3.30 pm വരെ ഭവനസന്ദർശനം |
| 08.12.2023 വെള്ളി | 6.00 pm സ്നേഹഘോഷയാത്ര പള്ളിയിൽ എത്തിച്ചേരുന്നു.<br>അഭിവന്ദ്യ പിതാവിന് സ്വീകരണം, ആഘോഷമായി ദിവ്യബലി, സന്ദേശം<br>സമാപന സ്നേഹസംഗമം | 4.00 pm വിലയിരുത്തൽ<br>5.00 pm സ്നേഹഘോഷയാത്ര | 7.30 am മുതൽ 3.30 pm വരെ ഭവനങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠ, രോഗികൾക്ക് കുമ്പസാരം, കുർബാന സ്വീകരണം. |

# ഇടവകയിലെ മേഖലകൾ

## മേഖല ഒന്ന്

a. സെന്റ് ജോസഫ്
b. സെന്റ് ആന്റണീസ്
c. സെന്റ് അൽഫോൻസ

## മേഖല രണ്ട്

a. സെന്റ് മേരീസ്
b. സെന്റ് ലിറ്റിൽ ഫ്ളവർ
c. ഹോളി ഫാമിലി

## മേഖല മൂന്ന്

a. സെന്റ് പോൾസ്
b. സെന്റ് പീറ്റർ
c. സെന്റ് ജോൺസ്

## മേഖല നാല്

a. സെന്റ് സെബാസ്റ്റ്യൻ
b. മഡോണ

## മേഖല അഞ്ച്

a. ഹോളി ട്രിനിറ്റി
b. ക്രിസ്തുരാജ
c. സെന്റ് തോമസ്
d. സെന്റ് സേവ്യർ

"ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിറുത്തും."

**ഏശയ്യ 41:10 .**




**പാഠ്യഭാഗം – ലൂക്ക 9–12**

1. ഗലീലിയാക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി കലർത്തിയത് ആരാണ?
2. മുന്തിരിതോട്ടത്തിൽ നട്ടുപിടിപ്പിച്ചതെന്ത്?
3. സിലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ് കൊല്ലപ്പെട്ടത് എത്രപേർ?
4. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് യേശു എവിടേയ്ക്കാണ് യാത്ര ചെയ്തത്?
5. സാബത്തുദിവസം യേശു മഹോദരരോഗിയെ സുഖപ്പെടുത്തിയത് എങ്ങനെ?
6. യേശു ആതിഥേയന് നൽകിയ ഉപദേശത്തിൽ ആരെയാണ് സദ്യയ്ക്ക് ക്ഷണിക്കേണ്ടതെന്ന് പറയുന്നത്?
7. ധൂർത്തപുത്രനെ കണ്ട പിതാവ് എന്തുചെയ്തു?
8. നിയമവും പ്രവാചകൻമാരും ആരുടെ നാളുകൾ വരെ ആയിരുന്നു?
9. ധനവാൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ കണ്ടത് ആരെ?
10. "എനിക്ക് അഞ്ചുസഹോദരന്മാർ ഉണ്ട്. അവരും പീഡകളുടെ ഈ സ്ഥലത്ത് വരാതിരിക്കേണ്ടതിന് അവന് അവർക്ക് സാക്ഷ്യം നൽകട്ടെ" ഇതിൽപറഞ്ഞിരിക്കുന്ന അവൻ ആരാണ്?

## ശരിയുത്തരം നൽകിയവർ (ഒക്ടോബർ)

ലീന ജെയിംസ്, സെ. ജോൺസ്

ഡെയ്സി അന്തപ്പൻ, സെ. മേരീസ്

അപർണ ജോസ്, ലിറ്റിൽ ഫ്ളവർ

ജിപ്സി റാഫി, സെ. തോമസ്

മേഴ്സി ജെസീന്റോ, സെ. തോമസ്

ജോസ്ഫീന ജോയ്, സെ. മേരീസ്

## ശരിയുത്തരങ്ങൾ

1. ഹേറോദേസ്
2. പത്രോസ്
3. മലയിൽവെച്ച്
4. ഒരു നിയമജ്ഞൻ
5. കഫർണാം
6. ആശ്വാസം തേടി
7. യേശു
8. പരിശുദ്ധാത്മാവിനെതിരായി
9. ഈ ലോകത്തിന്റെ ജനതകൾ
10. മനുഷ്യപുത്രൻ

**ഒക്ടോബർ മാസത്തെ ലോഗോസ് ക്വിസ് വിജയി**

**ലീന ജെയിംസ്** - സെ. ജോൺസ് യൂണിറ്റ്

## ഊട്ടുതിരുനാൾ



**തിരുന്നാളിന് പലവഞ്ജനങ്ങൾ sponser ചെയ്തവർക്കും രൂപക്കൂട് പന്തൽ sponser ചെയ്ത മഡോണ യൂണിറ്റിലെ ജോസഫ് തറയിലിനും എല്ലാവർക്കും നന്ദി പറയുന്നു.**

**ജനറൽ കൺവീനർ, ഷിജു കൊക്കൻ**



# വിശ്വാസവഴിയിലെ സംശയങ്ങൾ

**സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണം**

***മരണ മടഞ്ഞ വ്യക്തി ശുദ്ധീകരണസ്ഥലത്തുനിന്നും സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു എന്ന് ഭൂമിയിലുള്ളവർ എങ്ങനെ അറിയും?***

ഭൂമിയിലുള്ളവർക്ക് അത് അറിയാനുള്ള പ്രത്യേക വഴികളൊന്നും ഉള്ളതായി സഭ നമ്മെ പഠിപ്പിക്കുന്നില്ല. മറിച്ച് ശുദ്ധീകരണാത്മാക്കൾ സ്വർഗത്തിലെത്തികഴിയുമ്പോൾ അവർ സ്വർഗത്തിൽ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും നമുക്ക് പ്രത്യേകമായി ദൈവാനുഗ്രഹം ലഭിച്ചു തുടങ്ങുകയും ചെയ്യും എന്നാണ് വിശുദ്ധർ നമ്മെ പഠിപ്പിക്കുന്നതും ഇതിനൊരു തെളിവായിട്ട് നാം മനസിലാക്കേണ്ടതും. ഈ ചോദ്യത്തിന്റെ പിന്നിലുള്ള ഉദ്ദേശ്യം ഇതാണ് നമ്മൾ എത്രകാലം ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. അവിടെനിന്നും അവർ കയറിപ്പോയോ ഇല്ലയോ എന്നുള്ളത് എപ്രകാരമാണെന്നറിയുക. മരിച്ചുപോയ എല്ലാ ആത്മാക്കളും സഭ ഔദ്യോഗികമായി വിശുദ്ധർ എന്ന് പ്രഖ്യാപിക്കുന്നതുവരെയും അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. പല ശുദ്ധീകരണാത്മാക്കളും അതിനു മുമ്പേ സ്വർഗത്തിലെത്തിയിട്ടുണ്ടാകും, ഔദ്യോഗികമായി പ്രഖ്യാപിക്കാത്ത വിശുദ്ധാത്മാക്കളും സ്വർഗത്തിലുണ്ട് എന്ന് തന്നെയാണ് തിരുസഭയുടെ പഠനം. പില്ക്കാല തലമുറയ്ക്ക് അവരുടെ ജീവിതം മാതൃകാപരമാണ് എന്ന് സ്വർഗം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നവരെ മാത്രമേ ഔദ്യോഗികമായി സഭ വിശുദ്ധരായി പ്രഖ്യാപിക്കുകയുള്ളൂ. മരിച്ചുപോയവരും വിശുദ്ധീകരണ സ്ഥലത്തുള്ളവരും സ്വർഗത്തിലെത്തികഴിഞ്ഞാൽ നമ്മുട പ്രാർത്ഥന വെറുതെയാകില്ലേ എന്നു ചോദിച്ചാൽ ഇല്ല. കാരണം നാം നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം നടത്തുന്നത് കേവലം വ്യക്തിപരമായ പ്രാർത്ഥനയല്ല. ഈ ഭൂമിയിലെ സമരസഭ ശുദ്ധീകരണ സ്ഥലത്തിലെ സഹന സഭയ്ക്കുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. അതുകൊണ്ടു തന്നെ ശുദ്ധീകരണ സ്ഥലത്തിലെ എല്ലാ ആത്മാക്കൾക്കും നമ്മുടെ പ്രാർത്ഥനയുടെ ഗുണം ലഭിക്കുന്നുണ്ട്. അതിനാൽ നമ്മുടെ ജീവിതാന്ത്യം വരെയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ തുടരുന്നത് ഏറ്റം അനുഗ്രഹപ്രദമാണ്. ഇതിലൂടെ പ്രാർത്ഥിക്കുന്ന വ്യക്തിയുടെയും വിശുദ്ധീകരണം സാധ്യമാകുന്നു എന്നുകൂടി തിരിച്ചറിയണം.

# സ്നേഹസ്മരണയ്ക്ക്

**25-ാം ചരമവാർഷികം**
08 – 11 – 2023

**3-ാം ചരമവാർഷികം**
20 – 03 – 2024



## തെക്കേകര തരകൻ
## പൗലോസ് മകൻ
## കുരിയപ്പൻ

ജനനം : 23 – 07 – 1930
മരണം : 08 – 11 – 1998

## തെക്കേകര തരകൻ
## കുരിയപ്പൻ ഭാര്യ
## റോസ

ജനനം : 23 – 05 – 1933
മരണം : 20 – 03 – 2021

ആത്മാവിന്റെ അനശ്വരമായ വിശുദ്ധ മന്ദിരത്തിലേക്ക്
നന്മ നിറഞ്ഞ ഓർമ്മകൾനിൽകി ഞങ്ങൾ തിരിച്ചുപോയി.
നിങ്ങളുടെ പ്രാർത്ഥന നിമിഷങ്ങളിൽ
ഞങ്ങളെ സ്മരിക്കണമെ

മഡോണ യൂണിറ്റ്







# Wedding

10th September 2023



## Jeena

D/o Mr.Varghese K C & Mrs.Pushpa Varghese
Kollannur House, Ayyanthole

## Arun

S/o Mr.Jose P G & Mrs. Mini Jose
Paliakkara House, Chiyyaram

# സ്നേഹസ്മരണയ്ക്ക്

## 30–ാം ചരമവാർഷികം

## 11–ാം ചരമവാർഷികം



## തോലത്ത് വാവു
## ചേറുണ്ണി

മരണം
25 – 05 – 1993

## തോലത്ത് ചേറുണ്ണി ഭാര്യ
## വെറോനിക്ക

മരണം
17 – 11 – 2012

ആത്മാവിന്റെ അനശ്വരമായ വിശുദ്ധ മന്ദിരത്തിലേക്ക്
നന്മ നിറഞ്ഞ ഓർമ്മകൾനിൽകി ഞങ്ങൾ തിരിച്ചുപോയി.
നിങ്ങളുടെ പ്രാർത്ഥന നിമിഷങ്ങളിൽ
ഞങ്ങളെ സ്മരിക്കണമെ

പ്രാർത്ഥനാപൂർവ്വം
**ജേയ്ക്കബ്ബ് തോലത്ത് & ഫാമിലി**
**അയ്യന്തോൾ, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**



# മനുഷ്യാ നീ മണ്ണാകുന്നു

– ഡെയ്സി അന്തപ്പൻ
സെ. മേരീസ് യൂണിറ്റ്

ഓരോ മാസങ്ങൾക്കും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. ജപമാല മാസമായ ഒക്ടോബറിനുശേഷം നവംബർ വരുമ്പോൾ തന്റെ ഉറ്റവരെക്കുറിച്ചുള്ള മരിച്ച ഓർമ്മകളാണ് നമ്മുടെയൊക്കെ മനസ്സിൽ ഓടിയെത്തുക. പിന്നെ സെമിത്തേരിയിലെ കല്ലറകളും കുഴിമാടങ്ങളും അവിടുത്തെ ചെറിയ കപ്പേളയിലും കുഴിമാടത്തിനരികിലും. രാവിലെ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനകളും കുഴിഒപ്പീസുകളും അന്നീദകളും എല്ലാം ഈ മാസത്തിൽ എല്ലാവരും സ്മരിച്ചുപോകും. പണ്ടൊക്കെ ശവക്കോട്ട എന്ന് കേൾക്കുമ്പോൾ വളരെ ഭീതിജനകമായിരുന്നു. തനിച്ച് അവിടെ പ്രവേശിക്കുവാനും സമീപത്തുകൂടി ഒറ്റയ്ക്ക് സഞ്ചരിക്കുവാനോ ധൈര്യപ്പെട്ടിരുന്നില്ല. അന്ന് പല തരത്തിലുള്ള അന്ധവിശ്വാസങ്ങളും നാട്ടിൽ പ്രചരിച്ചിരുന്നു. കൂടാതെ ഇടിഞ്ഞുപൊളിഞ്ഞ കറുത്ത മതിലുകളും, കാടുപിടിച്ചുവളർന്ന മുൾച്ചെടികളും, നിറയെ പുല്ലും, ചുറ്റുമതിൽ ഇല്ലാത്ത അസ്ഥിക്കുഴിയും എല്ലാം ഭീതിനിറഞ്ഞതായിരുന്നു. എന്നാൽ ഇന്നാകട്ടെ സെമിത്തേരി ഏവരെയും ആകർഷിക്കുന്ന പാർക്കുകൾ പോലെ ആയി മാറിക്കഴിഞ്ഞു. അന്ധവിശ്വാസങ്ങൾ ഇന്ന് പാടെ മാറി. വളരെ ഭംഗിയും വൃത്തിയുമുള്ള പൂന്തോട്ടങ്ങൾ നിർമ്മിച്ച്, മതിലുകൾ വെള്ളപൂശിയും ഗെയിറ്റും ഗ്രില്ലും വെച്ച് സംരക്ഷിക്കപ്പെടുന്ന ഒന്നാണ് ഇന്നത്തെ ശവക്കോട്ടകൾ.

നിത്യതയുടെ വാതിൽ തുറക്കുന്ന സ്വർണ്ണതാക്കോലാണ് പശ്ചാത്താപം. യഥാർത്ഥമായ അനുതാപം പിശാചിനെ ഞെട്ടിപ്പിക്കുന്നു. അവന്റെ സാമ്രാജ്യത്തെ തകർക്കുന്നു. സ്വർഗ്ഗത്തിലെ വിജയകാഹളധ്വനിയാണ് അനുതാപം. സ്വർഗ്ഗം ആഗ്രഹിക്കുന്ന അനുതാപമാണ് മാനസാന്തരം ജനിപ്പിക്കുന്നത്. കള്ളൻ വരുന്നത് നശിപ്പിക്കാനും കൊല്ലാനും മോഷ്ടിക്കാനുമാണ്. പിശാച് നുണയാണ്, കള്ളനാണ്. "പാപം ചെയ്യുന്നവന്റെ ജീവൻ നശിക്കും." നീ പിശാചിന്റെ പിടിയിലാണോ? ഒന്നു ഓർക്കുക.

**"ഇന്ന് ഞാൻ നാളെ നീ"**

കവിത

# മരണാനന്തരം

ഫ്രെൻജൊ ഫ്രാൻസീസ്
വേലൂക്കാരൻ
സെ. പോൾസ് യൂണിറ്റ്

മരിച്ചുകഴിഞ്ഞാൽ പെണ്ണേ, നീയെന്നെ
തേച്ചുമിനുക്കിയ സിമന്റ് കുഴികളിലോ
കോൺക്രീറ്റ് ഷെൽഫുകളിലോ
മാർബിൾ കല്ലറകളിലോ
അടക്കം ചെയ്യരുത്.

സെമിത്തേരിക്കുള്ളിലേറ്റവും പിറകിലായി
പൂക്കാതെ കായ്ക്കാതെ, പുറകോട്ട്
വളഞ്ഞുകുത്തി നിൽക്കുന്ന
പേരറിയാത്ത മരത്തിൻ കീഴി-
ലായിരിക്കണം കുഴിയുടെ സ്ഥാനം.

നനവുള്ള മണ്ണിനോടു
മുഖം ചേർത്തുവെച്ചുറങ്ങുന്ന്
പാതി ജീർണിച്ച കരിയിലകളെ
നോവിക്കാതെയടർത്തുമാറ്റി-
യിട്ടാവണം കുഴിയെടുക്കുവാൻ.

ആദ്യചുംബനങ്ങളാൽ പുളകിതമായ
കവിൾത്തടങ്ങളിലന്നു നീ
വിറയലാർന്ന അധരങ്ങളമർത്തി
അന്ത്യചുംബനങ്ങൾ നൽകിയിട്ടാവണം
കുഴിയിലേക്കെന്നെ കെട്ടിയിറക്കുവാൻ

കണ്ണുനീരിൽ കുതിർന്ന
ഒരുപിടി മണ്ണുകൊണ്ട് നീ
കുഴിയുടെ മുകളിലൊരു
മൺകൂനയുണ്ടാക്കണം,
കുന്തിരുക്കത്തിന്റെ മണമുള്ള മൺകൂന.

പിച്ചിപൊളിക്കാത്ത ഉണ്ടമല്ലിയും
വിത്തറുത്തുമാറ്റാത്ത ചെണ്ട്മല്ലിയും

ഒരൽപം ചെമ്പകപ്പൂവുമാണ്
മൺകൂനയ്ക്കലങ്കാരമായി
നീയൊരുക്കേണ്ടത് സഖീ...

നിനക്കായി ഞാൻ നൽകിയ
ആദ്യപ്രണയോപഹാരമായ
രണ്ട് ചുവന്ന മെഴുകുതിരികൾ
കത്തിക്കാത കുത്തി നിറുത്തീടണം
മൺകൂനയ്ക്ക് മുകളിലായി.

അതിരാവിലെയെഴുന്നേറ്റു നീ
യാമരത്തിൻ കീഴിലൽപ്പനേര
മിരിക്കണം നിശബ്ദയായും
പിന്നാമരത്തിനോട് കലഹിച്ചും
പ്രണയിച്ചുമങ്ങനെയേറെ നാൾ...

ഞെട്ടറ്റു വീണുകിടക്കുന്ന പൂക്കളിൻമേൽ
അവസാനതുള്ളി തേൻ നുകരുവാനായി
ചിറകിൻമേൽ കറുപ്പും വെളുപ്പും കലർന്ന
തുമ്പികൾ അങ്ങിങ്ങായി പാറിനടക്കുന്നതും
കുശലം പറയുന്നതും നീ നോക്കിയിരിക്കണം.

മരത്തിന്റെ വേരുകളാലൊരിക്കൽ
ഞാൻ ആശ്ലേഷിക്കപ്പെടുന്ന ദിവസം
ശൂന്യമായ കല്ലറയിലെ ദൈവദൂതരെപ്പോലെ
പ്രഭാതസൂര്യന്റെയിളം ചൂടേറ്റ്
പേരറിയാത്തൊരാമരം തിളങ്ങീടുമ്പോൾ,

ഹൃദയത്തിന്റെ നെരിപ്പോടുകളി
ലെവിടെയോ കെട്ടടങ്ങാത്ത
പ്രണയത്തിന്റെയൊരു കനൽകട്ടയിൽ
നിന്നുമൊരു തീ നാളമുയർന്നുവന്ന്
ആ മെഴുകുതിരികൾ ഒരുപക്ഷേ കത്തിച്ചേക്കാം.

# നവംബർ 1

## സകല വിശുദ്ധരുടെയും തിരുനാൾ

വിൻസെന്റ് കെ. ജെ.
സെന്റ് മേരീസ് യൂണിറ്റ്

നവംബർ 1 തിരുസഭ സകല വിശുദ്ധരുടെയും ഓർമ്മതിരുനാളായി ആചരിക്കുന്നു. വിശുദ്ധരുടെ പട്ടികയിൽ തിരുസഭ ഔദ്യോഗികമായി ചേർത്തിട്ടുള്ളവരുടെ തിരുനാളുകൾ പല സ്ഥലങ്ങളിലും ആഘോഷിക്കുന്നുണ്ട്. എന്നാൽ വിശുദ്ധർ എന്ന് നാമകരണം ചെയ്യപ്പെടാത്ത കോടാനുകോടി ആത്മാക്കൾ സ്വർഗ്ഗത്തിൽ ഉണ്ട്. അവരെയും ആദരിക്കേണ്ടതിന്റെ പ്രാധാന്യം തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നു. അവരുടെ ഗണത്തിൽ നമ്മുടെ വീട്ടുകാരും നാട്ടുകാരും മിത്രങ്ങളും എല്ലാം അനുസ്മരിക്കപ്പെടുന്നു എന്നുള്ളത് ഒരു സന്തോഷമല്ലേ. ഹൃദയശുദ്ധിയുള്ളവരും കരുണാശീലരും സമാധാനപാലകരും നീതിയെപ്രതി പീഢകൾ സഹിക്കുന്നവരും ആണ് വിശുദ്ധർ. വെളിപാടിന്റെ പുസ്തകം 7-ാം അദ്ധ്യായത്തിൽ പറയുന്നു. യാക്കോബിന്റെ സന്തതികളുടെ 12 ഗോത്രങ്ങളിൽനിന്ന് പന്തീരായിരം വീതവും സമസ്തജാതി ജനങ്ങളിൽ നിന്ന് കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വസ്ത്രം അണിഞ്ഞ് അനേകായിരവും ഇന്ന് നമ്മുടെ സ്മരണയിൽ വരുന്നു. അവർക്ക് വിശപ്പില്ല, ദാഹമില്ല. വെയിലോ ചൂടോ അവരെ അലട്ടുന്നില്ല. ദൈവം അവരുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളഞ്ഞിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്കും സമ്മാനത്തിനും നന്ദി പറയുവാനും വിവിധ സാഹചര്യങ്ങളിൽ വിവിധ പ്രദേശങ്ങളിൽ പുണ്യപദം പ്രാപിച്ചിട്ടുള്ളവരുടെ സുകൃതങ്ങൾ അനുകരിക്കുന്നതിന് നമ്മെ പ്രോത്സാഹിപ്പിക്കാനും അവർ ആസ്വദിക്കുന്ന അവർണനീയമായ ആനന്ദത്തെപ്പറ്റി ചിന്തിക്കാനും നമ്മുടെ അറിവിൽപ്പെടാത്ത വിശുദ്ധരിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും ആണ് സകല വിശുദ്ധരുടെയും തിരുനാൾ തിരുസഭ സ്ഥാപിച്ചിരിക്കുന്നത്. പുണ്യവാൻമാരും പുണ്യവതികളും ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയല്ല, ക്രിസ്തുവിനെ ജീവിതസാക്ഷ്യം നൽകുകയാണ് ചെയ്യുന്നത്. വിശുദ്ധരിൽ നാം കാണുന്നത് ക്രിസ്തു അവരിൽ ഇന്നും ജീവിക്കുന്നു അവരിലൂടെ ഇന്നും പ്രവർത്തിക്കുന്നു. പുണ്യചരിതർ ക്രിസ്തുവിന്റെ ജീവിതത്തെ പല വർണ്ണങ്ങളിൽ പകർത്തുന്ന ഒരു പട്ടുകുപ്പായമാണെന്ന് പറയാം. അവരെ അനുദിന ജീവിതത്തിൽ സ്നേഹിതരായി ലഭിക്കുക എത്രയോ അനുഗ്രഹപ്രദമാണ്. നമുക്കും അവരുടെ ജീവിതത്തെ നമ്മുടെ ജീവിതത്തോട് ചേർത്ത് വയ്ക്കാം. നമുക്കും പ്രാർത്ഥിക്കാം. സകല വിശുദ്ധരെ, വിശുദ്ധ ആത്മാക്കളെ ഞങ്ങൾക്കുവേണ്ടി ഈശോയുടെ സന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കണമെ.

# അഞ്ചു ജന്മദിനങ്ങൾ

**അഡ്വ. ജോസ് ഡേവിസ്,**
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

അമ്മയുമായുള്ള പൊക്കിൾക്കൊടി ബന്ധം ഉപേക്ഷിച്ച് ഭൂമിയിലേക്ക് പ്രവേശിക്കുന്നതിനെയാണല്ലോ നാം ജന്മദിനം എന്ന് പറയുന്നത്.

സ്രഷ്ടാവിന്റെ ചിന്തയിലാണ് നമ്മുടെ ആദ്യത്തെ ജനനം.

അമ്മയുടെ ഉദരത്തിൽ നീ രൂപമെടുക്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു (ജെറമിയ : 1:5).

ഗർഭധാരണം ഉദരത്തിനുള്ളിലെ ജനനമാണ്.

ഉദരത്തിനു പുറത്ത് ലോകത്തിലേക്കുള്ള ജനനമാണ് പ്രസവത്തോടെ സംഭവിക്കുക.

ഈ മൂന്നു ജനനത്തിലും നമുക്ക് റോൾ ഉണ്ടായിരുന്നില്ല.

വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

അമ്മയുടെ ഉദരമോ, ഭൂമിയിലെ ഇടമോ തെരഞ്ഞെടുത്തത് നാമായിരുന്നില്ല.

എന്നാൽ നിത്യതയിൽ സ്രഷ്ടാവിനോടൊപ്പമായിരിക്കണമോ വേണ്ടയോ എന്ന തീരുമാനം നമ്മുടേതു മാത്രമാണ്. നാലാമത്തെ ജനനമാണിത്.

അസ്സീസിയിലെ ഫ്രാൻസിസ് ഉടുവസ്ത്രം ഊരി അപ്പനെ തിരിച്ചേൽപ്പിച്ചതും, മദർ തെരേസ അദ്ധ്യാപനവൃത്തി ഉപേക്ഷിച്ച് തെരുവിലേക്ക് ഇറങ്ങിയതും ഈ തീരുമാനത്തിലാണ്.

സാധാരണ കുടുംബജീവിതത്തിലും ' വീണ്ടും ജനിക്കാനുള്ള ' ധാരാളം അവസരങ്ങളുണ്ട്; കലപ്പയിൽ കൈ വെച്ചിട്ട് പിന്തിരിയരുത് എന്നു മാത്രം (ലൂക്ക : 9: 62).

അഞ്ചാമത്തെ ജനനത്തെ നാം വിളിക്കുന്നത് മരണമെന്നാണ്.

യഥാർത്ഥത്തിൽ ഈ യാത്രയുടെ ലക്ഷ്യം തന്നെ നിത്യജീവനിലേക്ക് പ്രവേശിക്കാനുള്ള അവസാനത്തെ ജനനമാണ്.

ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മടങ്ങും. ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേക്ക് തിരിച്ചു പോവുകയും ചെയ്യും (സഭാപ്രസംഗകൻ 12:7).






**ഡോ. വിമല കെ. ജോൺ**
അസോ. പ്രൊഫസർ,
സെന്റ് തോമസ് കോളേജ്, തൃശൂർ

# യൂറിക് ആസിഡ് വില്ലനാകുമ്പോൾ

മനുഷ്യരിൽ പ്യൂരിൻ എന്ന നൂക്ലിയോ പ്രോട്ടീനുകളുടെ ദഹനപ്രക്രിയയുടെ ഭാഗമായി ലഭിക്കുന്ന അന്തിമ ഉല്പന്നമാണ് യൂറിക് ആസിഡ്. ഈ പ്രക്രിയയിൽ എന്തെങ്കിലും തടസ്സം നേരിടുമ്പോഴോ യൂറിക് ആസിഡ് കൂടുന്ന രീതിയിലുള്ള ഭക്ഷണം സ്ഥിരമായി കഴിക്കുകയോ, യൂറിക് ആസിഡ് കൃത്യമായി അലിഞ്ഞ് മൂത്രത്തിലൂടെ പുറത്തുപോകാതെയോ വരുമ്പോഴാണ് മനുഷ്യർക്ക് സാധാരണയായി യൂറിക് ആസിഡ് പ്രശ്നങ്ങൾ സൃഷ്ടിച്ചുതുടങ്ങുന്നത്. ഇതിനെ ഹൈപ്പർ യൂറിസെമിയ എന്നു വിളിക്കുന്നു. പ്രതിദിനം നാം ഉത്പാദിപ്പിക്കുന്ന 70% യൂറേറ്റ് വൃക്കകളും ബാക്കി 30% കുടലുകളും ഉന്മൂലനം ചെയ്യുന്നു.

പ്രധാന രോഗലക്ഷണങ്ങൾ ഏവയെന്ന് നമുക്ക് നോക്കാം.

സന്ധിവാതം : പ്രധാനമായും പെരുവിരലുകളിൽ വീക്കം, മുട്ടുവേദന, നീർക്കെട്ടുകൾ, വിരലുകൾ അനക്കാൻ പറ്റാത്ത അവസ്ഥ എന്നിവ ഉണ്ടാകുന്നു. പെരുവിരലിൽ നിന്ന് ഉപ്പൂറ്റി, കൈത്തണ്ട, വിരലുകൾ എന്നിവയിലേക്കും വ്യാപിക്കാം. ഇതാണ് ഗൗട്ട്. യൂറിക് ആസിഡ് വളരെ കൂടുതലായാൽ വൃക്കയിൽ കല്ല്, വൃക്ക സ്തംഭനം എന്നീ പ്രശ്നങ്ങൾ ഉണ്ടാകാം. യൂറിക് ആസിഡ് പരലുകൾ ഒരു ന്യൂക്ലിയസ് പോലെ പ്രവർത്തിക്കുകയും അതിനുചുറ്റും കാൽസ്യം ഓക്സലേറ്റ് അടിഞ്ഞുകൂടി കല്ലുണ്ടാവുകയും ചെയ്യുന്നു. ഈ പരലുകൾ വൃക്കനാളികളിലും മൂത്രനാളികളിലും അടിഞ്ഞുകൂടി വൃക്കസ്തംഭനത്തിലേക്ക് വഴിതെളിക്കുന്നു.

ഹൈപ്പർ യൂറിസെമിയയ്ക്ക് കാരണമാകുന്ന സാധാരണ ഘടകങ്ങൾ താഴെ പറയുന്നവയാണ്. യൂറിക് ആസിഡ് കൂടുതൽ ഉണ്ടാക്കിയേക്കാവുന്ന ഭക്ഷണങ്ങളുടെ

വർദ്ധിച്ച ഉപയോഗമാണ് പ്രധാന കാരണം. ഈ ഭക്ഷണങ്ങളിൽ പ്രധാനമായും കരൾ, തലച്ചോറ്, കുടൽ എന്നിവ ഉൾപ്പെട്ട അവയവ മാംസങ്ങൾ ഉൾപ്പെടുന്നു. അയല, ടൂണ എന്നീ മത്സ്യങ്ങളും യൂറിക് ആസിഡ് കൂടുതൽ അളവിൽ ഉണ്ടാക്കുന്ന വയാണ്. മദ്യപാനം, സോഡ, സോഡ ചേർന്ന ശീതളപാനീയങ്ങൾ, ബേക്കറി സാധന ങ്ങളിൽ ഉപയോഗിക്കുന്ന റിഫൈൻഡ് ഷുഗർ, കളറുകൾ, പ്രസിർവേറ്റിവുകൾ എന്നിവ, മറ്റ് പ്രധാന വിഭാഗത്തിൽപ്പെട്ടവ, ഏതെങ്കിലും കാരണത്താൽ ഉണ്ടാകുന്ന നിർജ്ജലീകരണം, പ്രത്യേകിച്ച് പെപ്സി, കൊക്കകോള പോലുള്ളവയുടെ ഉപയോഗം ഇവയെല്ലാം ഹൈപ്പർ യൂറിസെമിയയിലേക്ക് നയിക്കുന്നു. അതിനാൽ യൂറിക് ആസിഡിന്റെ അളവ് വർദ്ധിക്കുന്നത് ഒഴിവാക്കാൻ പ്രതിദിനം 3-4 ലിറ്റർ വെള്ളം കൃത്യമായി കുടിക്കുന്നത് ഉറപ്പാക്കണം.

**എങ്ങനെ പ്രതിരോധിക്കാം?**

മേൽപ്പറഞ്ഞ പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കു ക, മദ്യപാനം നിർത്തുക, ഭക്ഷണത്തിൽ കൂടുതൽ പഴങ്ങൾ ഉൾപ്പെടുത്തുക, (വിറ്റാമിൻ സി കൂടുതലുള്ള നാരങ്ങ, ഓറഞ്ച് കൂടുതലാകാം), നാരുകൾ കൂടുതലടങ്ങിയ ഭക്ഷണം കഴിക്കുന്നതി ലൂടെ യൂറിക്കാസിഡ് നിയന്ത്രിച്ചുകൊണ്ടുപോകാൻ സാധിക്കും. പച്ചക്കറികൾ ഒപ്പം ധാരാളം കഴിക്കുക, ധാരാളം വെള്ളം കുടിക്കുക, മത്സ്യങ്ങളിൽ ചാള, അയല, ചൂര, കണവ, കൊഞ്ച്, കക്ക തുടങ്ങിയവയും പച്ചക്കറികളിൽ വഴുതന, മഷ്റൂം, കോളി ഫ്ളവർ എന്നിവയും ഒഴിവാക്കണം. ഓറഞ്ച്, നാരങ്ങ ഇവ കൂടാതെ വാഴപ്പഴം, കൈതച്ചക്ക, മുസംബി, ഞാവൽപഴം, കറുത്ത ചെറി, ഇഞ്ചി, തക്കാളി, ചുവന്ന കാബേജ്, റാഗി, വാഴക്കൂമ്പ് ഇവയ്ക്ക് ഭക്ഷണത്തിൽ പ്രമുഖ സ്ഥാനം നൽകണം. യൂ റിക്കാസിഡ് രക്തത്തിൽ കൂടാനുണ്ടായ കാരണം കണ്ടെത്തി ശരിയാക്കുകയും ഒപ്പം രക്തത്തിലെ കൊഴുപ്പ് , പഞ്ചസാര ഇവ നിയന്ത്രണവിധേയമാക്കുകയും വേണം. യൂറിക്കാസിഡ് സാധാരണയായി മനുഷ്യരിൽ 4-7mg/dg ആയിരിക്കും. ഭക്ഷണം ക്രമീകരിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്ന് ആവശ്യമെങ്കിൽ ഉൾപ്പെ ടുത്തുകയും ചെയ്യുക. യൂറിക് ആസിഡിന്റെ അളവ് സാധാരണമായാൽ മരുന്ന് നിർത്തുകയും 6 മാസത്തിലൊരിക്കൽ പരിശോധിക്കുകയും ചെയ്യാം. ഇത് ഒരു വലിയ രോഗമല്ല. പക്ഷേ ശ്രദ്ധിക്കപ്പെടാതെ പോയാൽ പല സങ്കീർണതകളിലേക്കും നയിച്ചേക്കാം. അല്പം ശ്രദ്ധയോടെയുള്ള ജീവിതശൈലിയും ഭക്ഷണക്രമവും ഈ രോഗത്തിന്റെ ലക്ഷണങ്ങളിൽ നിന്നും സങ്കീർണ്ണതകളിൽ നിന്നും മരുന്നുകളുടെ അമിതമായ ഉപയോഗത്തിൽ നിന്നും അകറ്റാൻ നമ്മെ സഹായിക്കും.

# നിയമാവബോധം





**അഡ്വ. ജോമോൻ കുന്നത്ത്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്

## കുടുംബവും കുടുംബകോടതിയും - നിയമം

പരസ്പര സമ്മതപ്രകാരം വിവാഹബന്ധം വേർപ്പെടുത്തുന്നത് സംബന്ധിച്ചാണ് നമ്മൾ കഴിഞ്ഞ തവണ ചർച്ച ചെയ്തത്. എന്നാൽ വിവാഹബന്ധം വേർപ്പെടുത്തുവാൻ ഏതെങ്കിലും ഒരു കക്ഷി സമ്മതിക്കുന്നില്ല എങ്കിൽ വിവാഹബന്ധം വേർപ്പെടുത്തുന്നതിനായി കോടതി മുഖാന്തരം കേസ് കൊടുത്ത്, വാദങ്ങൾ കോടതിയെ തെളിവുസഹിതം ബോധ്യപ്പെടുത്തിയാൽ മാത്രമേ വിവാഹബന്ധം വേർപ്പെടുത്തി കിട്ടുകയുള്ളൂ.

വിവാഹബന്ധം വേർപ്പെടുത്തുന്നതിന് നിയമം ചില സാഹചര്യങ്ങൾ പറയുന്നുണ്ട്. അത് ഏതൊക്കെയാണ് എന്ന് നോക്കാം. 1 വിവാഹേതര ബന്ധം. 2. ദമ്പതികളിൽ ഒരാൾ ക്രിസ്തുമതം ഉപേക്ഷിച്ച് മറ്റൊരു മതം സ്വീകരിക്കൽ, 3. മാനസികരോഗം. 4. ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കാത്തതും ഗുരുതരമായതുമായ കുഷ്ഠരോഗം, 5. പകരുന്ന തരത്തിലുള്ള ലൈംഗിക രോഗങ്ങൾ, 6 ഹർജി ബോധിപ്പിക്കുന്നതിന് തൊട്ടുമുൻപ് ഉള്ള ഏഴു വർഷമായി എതിർകക്ഷിയെ കുറിച്ച് യാതൊരു വിവരവും ലഭിക്കാതിരിക്കൽ. 7 വിവാഹശേഷം ശാരീരിക ബന്ധത്തിൽ ഏർപ്പെടുവാൻ വിസമ്മതിച്ചതു മൂലം വിവാഹശേഷം ശാരീരികബന്ധം ഉണ്ടാവാതിരിക്കൽ, 8. വിവാഹബന്ധം പുനഃസ്ഥാപിക്കുവാൻ കോടതി ഉത്തരവുണ്ടായ ശേഷം രണ്ടു വർഷമായി അപ്രകാരം ചെയ്യാതിരിക്കൽ, 9. രണ്ടു വർഷമോ അതിൽ കൂടുതലോ ആയി വിവാഹബന്ധം തുടരേണ്ടതില്ല എന്ന തീരുമാനപ്രകാരം മനപ്പൂർവ്വം പങ്കാളിയെ ഉപേക്ഷിച്ച് ജീവിക്കൽ, 10. പങ്കാളിയോട് മാനസികമായോ ശാരീരികമായോ ഉള്ള ക്രൂരത എന്നിവയാണ് വിവാഹബന്ധം വേർപ്പെടുത്തുന്നതിനായി കോടതി അംഗീകരിക്കുന്ന കാരണങ്ങൾ. മേൽപ്പറഞ്ഞവ കൂടാതെ, ഭർത്താവ്, വിവാഹശേഷം ബലാത്സംഗം, സ്വവർഗരതി മുതലായ കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ


29- മത്
ജറുസലെം കൺവെൻഷൻ
2023 ഡിസംബർ 7-10
(വ്യാഴം, വെള്ളി, ശനി, ഞായർ) തിയ്യതികളിൽ
8.30 am - 3.30 pm
ജറുസലെം ധ്യാനകേന്ദ്രം, തലോർ
ഉദ്ഘാടനം
മാർ ആൻഡ്രൂസ് താഴത്ത്
ആർച്ച് ബിഷപ്പ്, തൃശ്ശൂർ അതിരൂപത
സമാപന സന്ദേശം
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ
ബിഷപ്പ്, പാലക്കാട് രൂപത
നേതൃത്വം നൽകുന്നവർ
റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM
റവ. ഫാ.മാത്യു വയലാമണ്ണിൽ CST
റവ. ഫാ.റോയി പാലാട്ടി CMI
റവ. ഫാ. സെബാസ്റ്റ്യൻ പൂവ്വത്തിങ്കൽ
റവ. ഫാ. ഡേവിസ് പട്ടത്ത് CMI
റവ. ഫാ. ദേവസ്യ കാനാട്ട് CMI
റവ. ഫാ. ജോ പാച്ചേരിയിൽ CMI
റവ. ഫാ. സിജോ തയ്യാലക്കൽ CMI
താമസ സൗകര്യം ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക
email : mailtojerusalem@gmail.com
Call : 7025152530
ഏവർക്കും സ്വാഗതം...

JORLINE JOSHY
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട
തുണിത്തരങ്ങൾ
മിതമായ വിലയ്ക്ക്
നേടാൻ സമീപിക്കൂ...

fortune fashion
FOR MEN, WOMEN & KIDS

*Gents*
*Ladies*
*&*
*Kids*

I. K. ARCADE, AYYANTHOLE GROUND, THRISSUR

ഭാര്യയ്ക്ക് വിവാഹബന്ധം വേർപ്പെടുത്തുവാൻ ആവശ്യപ്പെടാവുന്നതാണ്. ഇത്രയും കാര്യങ്ങൾ നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തുന്നതിന് കാരണമാണെങ്കിലും, കോടതിയിൽ ഇക്കാര്യങ്ങൾ തെളിവ് സഹിതം ബോധ്യപ്പെടുത്തുക എന്നത് വെല്ലുവിളിയാണ്. വിവാഹബന്ധം വേർപ്പെടുത്തുന്നതിന് കാരണമായി പറയുന്ന മാനസിക ശാരീരിക ക്രൂരതകൾക്ക് കോടതി വളരെ വിശാലമായ അർത്ഥതലമാണ് നൽകിയിട്ടുള്ളത്. അതായത് ഒരാളുടെ പ്രവൃത്തി മൂലം മറ്റേയാളുടെ മാനസ്സികമോ ശാരീരികമോ ആയ സ്വാസ്ഥ്യത്തിന് ഹാനി സംഭവിക്കുമെങ്കിൽ അത് വിവാഹബന്ധം വേർപ്പെടുത്തുവാൻ തക്ക ക്രൂരതയായി കോടതി കണക്കാക്കും. മാത്രമല്ല കോടതി കാണുന്ന ക്രൂരത ആപേക്ഷികമാണ്. അതായത് ഒരാൾക്ക് ക്രൂരതയായി കോടതി കാണുന്ന അതേ സംഭവം മറ്റൊരു കേസിൽ ക്രൂരതയായി കോടതി കണ്ടുകൊള്ളണമെന്നില്ല.

വിവാഹബന്ധം പൂർണ്ണമായും തകർന്നു എന്നു ബോധ്യപ്പെട്ടാൽ വിവാഹമോചനം അനുവദിക്കാമെന്ന് പല ഹൈക്കോടതി/സുപ്രീം കോടതി വിധികളിലും വിവക്ഷിച്ചിട്ടുണ്ടെങ്കിലും, അക്കാരണം പറഞ്ഞ് വിവാഹബന്ധം വേർപ്പെടുത്തുന്ന കീഴ്കോടതി വിധികൾ വിരളമാണ്.

## ഞങ്ങൾ വരവായി

| രജി.നമ്പർ | ജനനം | മാമ്മോദീസ | |
|---|---|---|---|
| 20/23 | 10.07.23 | 15.10.23 | പടിക്കല ഫ്രെഡി ജോസ് അഖില തോമസ് മകൻ എഫ്രേം ഫ്രെഡി |
| 21/23 | 26.07.23 | 15.10.23 | അറങ്ങാശ്ശേരി റെജി & കൊച്ചുറാണി മകൾ റോസ് (റൈഥൽ മറിയം റെജി) |
| 22/23 | 08.08.23 | 21.10.23 | കൊളങ്ങര റിജോ & രാഗി മകൾ മേരി (അലീന) |
| 12/23 | 03.12.22 | 02.07.23 | പെല്ലിശ്ശേരി അനീഷ് & അസിൽഡ മകൾ അന്ന (റെയ്ച്ചൽ ആൻ പെല്ലിശ്ശേരി) |
| 14/23 | 26.04.23 | 22.07.23 | കരേക്കാട്ടിൽ റോഷൻ ജോയ് & ജിസ മകൻ ജോസഫ് (എറിക് ഡാമിയൻ റോഷൻ) |
| 32/23 | 09.10.22 | 09.10.23 | കുറുപ്പശ്ശേരി വിനീത് & ഐശ്വര്യ എലിസബത്ത് മകൾ മിറിയം (നേറാ ലിസ്ബത്ത് വിനീത്) |



# ഞങ്ങൾ ഒന്നായി



| | |
|---|---|
| 04.10.2023 | അയ്യന്തോൾ ഇടവക അരിമ്പൂര് വാഴപറമ്പൻ സേവിയർ & ലിസ്സി മകൻ വിൻസന്റ്<br>പാലക്കാട് രൂപത സെന്റ് റാഫേൽസ് കത്തീഡ്രൽ ഇടവക തെക്കേക്കര അൽഫോൻസ് & നിഷ മകൾ അനിറ്റ |
| 04.10.2023 | അയ്യന്തോൾ ഇടവക ചാലിശ്ശേരി ബാബു & റീന മകൾ എയ്ഞ്ചൽ മരിയ<br>ഇരിങ്ങാലക്കുട രൂപത മതിലകം ഇടവക കണ്ണേങ്ങാത്ത് വർഗ്ഗീസ് & സജി മകൻ നിക്സൺ |

# ഇടവകയിൽ നിന്നും മാറിയവർ

| | | |
|---|---|---|
| 16/2023 | 04.10.2023 | തറയിൽ മാത്യു ഭാര്യ മേഗി (മഡോണ യൂണിറ്റ്) - നെല്ലിക്കുന്ന് ഇടവകയിലേക്ക്. |
| 17/2023 | 09.10.2023 | മാളിയേക്കൽ മാത്തള ആന്റണി ഭാര്യ പേളി (സെന്റ് ജോൺസ് യൂണിറ്റ്) - വല്ലച്ചിറ ഇടവകയിലേക്ക് |
| 18/2023 | 11.10.2023 | ആലപ്പാട്ട് ദേവസ്സി സാജു (ക്രിസ്തുരാജ യൂണിറ്റ്) - സെന്റ്ആൻസ് ചർച്ച്, വെസ്റ്റ്ഫോർട്ട് തൃശൂർ ഇടവകയിലേക്ക് |
| 19/2023 | 11.10.2023 | കൈപ്പറമ്പിൽ കരേരക്കാട്ടിൽ ദേവസി ഭാര്യ അന്നമ്മ (ലിറ്റിൽ ഫ്ളവർ യൂണിറ്റ്) - വെസ്റ്റ്ഫോർട്ട് തൃശൂർ ഇടവകയിലേക്ക് |
| 20/2023 | 18.10.2023 | - കൈതാരൻ വറീത് മകൻ ജോർജ്ജ് (സെന്റ് പോൾസ് യൂണിറ്റ്) - അടാട്ട് ഇടവകയിലേക്ക് |
| 21/2023 | 20.10.2023 | കണ്ണേങ്ങാത്ത് തോമസ് മകൻ ജിജോ (സെന്റ് ജോസഫ്സ് യൂണിറ്റ്) - വെളപ്പായ ഇടവകയിലേക്ക് |




**തയ്യാറാക്കിയത് : – കുരിയൻ കെ. എഫ്., മേരി ലാസർ**

11-05-2023...ജീവിതത്തിലെ ഏറ്റവും വലിയ അനുഭവത്തിനായി ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. ഏവരും നേരത്തെ എണീറ്റ് ......മണിക്കു തന്നെ പ്രഭാതഭക്ഷണം കഴിച്ച് ഇസ്രയേലിൽ പെടുന്ന ജറുസലേം പട്ടണത്തിന്റെ 7 കവാടങ്ങളിലൊന്നായ ജാഫാ ഗേറ്റിലൂടെ മാപ്പുകൾ കയറി കാൽവരി മലയിൽ പ്രവേശിച്ചു. ഗാഗുൽത്തായിൽ ഈശോയെ തറച്ച കുരിശ് നാട്ടിയ സ്ഥലം, മരണ ശേഷം കുരിശിൽ നിന്നിറക്കി കിടത്തിയ കല്ല്, കബറടക്കം നടത്തിയ കല്ലറ എന്നിവ ചേർത്ത് ഒരു ദേവാലയ സമുച്ചയമുണ്ട്. ഈ ദേവാലയം ഉത്ഥാനപള്ളി എന്ന പേരിലും അറിപ്പെടുന്നു.

ദേവാലയത്തിലേക്ക് പ്രവേശിച്ചയുടൻ മരണശേഷം കർത്താവിനെ കുരിശിൽ നിന്നിറക്കി കിടത്തിയ കല്ലിനു സമിപം ഞങ്ങളെല്ലാവരും മുട്ടുകുത്തിനിന്ന് കല്ലിൽ കൈവെച്ചും ചുംബിച്ചും പ്രാർത്ഥിക്കുകയും കയ്യിൽ കരുതിയിരുന്ന പൂജവസ്തുക്കളെല്ലാം ഇവിടെ വച്ച് അഭിഷേകം ചെയ്യുകയും ചെയ്തു. അതുപോലെതന്നെ യേശുവിനെ സംസ്കരിച്ചതായ കല്ലറ ഇരിക്കുന്ന സ്ഥലത്തേക്ക് അഞ്ചുപേരെ വീതം കയറ്റുകയും കല്ലറയിൽ ചുംബിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ജീവിതത്തിലെ ഏറ്റവും അനുഗ്രഹിക്കപ്പെട്ട നിമിഷങ്ങളായിരുന്നു ഇത്. ഇതിനുശേഷം ഈശോയെ കുരിശിൽ തറക്കുവാനായി പട്ടാളക്കാർ കൊണ്ടുപോയ അതേ വഴിയിലൂടെ ഞങ്ങൾ കുരിശിന്റെ വഴി ഭക്തിപൂർവ്വം നടത്തുകയുണ്ടായി. വഴിയിൽ ശിമയോൻ, കർത്താവിനെ കുരിശ് ചുമക്കാൻ സഹായിച്ച സ്ഥലം എന്നെഴുതിയ ഫലകവും, അന്നത്തെ കാലത്തെ ഒരു വലിയ കല്ലും സ്ഥാപിച്ചിരിക്കുന്നത് കണ്ടു. ഇന്ന് വീതി വളരെ കുറഞ്ഞ വഴികളിലെല്ലാം കച്ചവടസ്ഥാപനങ്ങളാണ്.

## വിലാപമതിൽ

ജറുസലേം പട്ടണത്തിന്റെ പടിഞ്ഞാറു ഭാഗത്തുണ്ടായിരുന്ന ജറുസലേം ദേവാലയത്തിനോടു ചേർന്നുള്ള ചുറ്റുമതിലാണിത്. ഈ മതിലിൽ തല വെച്ച് കരഞ്ഞ് പ്രാർത്ഥിക്കുകയും മതിലിന്റെ വിടവുകളിൽ പ്രാർത്ഥന എഴുതിവെച്ചു അനുഗ്രഹത്തിനായി യാചിക്കുകയും ചെയ്യുന്ന പതിവുണ്ട്. ഈ രണ്ടാം ദേവാലയത്തിൽ നിന്നാണ് ക്രിസ്തു കച്ചവടക്കാരെയും നാണയമാറ്റക്കാരെയും, "എന്റെ ആലയം ദേവാലയമാണ്,

നിങ്ങളോ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കി മാറ്റിയിരിക്കുന്നു" എന്ന് പറഞ്ഞ് പുറത്താക്കിയത്.

## വിശുദ്ധ അന്നയുടെ ദേവാലയം

ഇതിനുശേഷം പരിശുദ്ധമാതാവിന്റെ ജന്മസ്ഥലവും വിശുദ്ധ അന്നയുടെ ഗൃഹവും സന്ദർശിച്ചു. പഴയ ജറുസലേം പട്ടണത്തിന്റെ കവാടങ്ങളിൽ ഒന്നായ ലയൺസ് ഗേറ്റിനടുത്ത് കർത്താവിന്റെ പീഡാനുഭവ യാത്ര ആരംഭിച്ചതിനടുത്തായി മാതാവിന്റെ ജന്മസ്ഥലം എന്ന് കരുതുന്ന സ്ഥലത്തെ ഗ്രോട്ടോയുടെ മുകളിൽ 1131 -18 കാലത്താണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ഇതിനകത്ത് നിന്ന് സംസാരിക്കുമ്പോഴോ, ഗാനമാലപിക്കുമ്പോഴോ പല മടങ്ങ് ഉച്ചത്തിൽ വളരെ സ്ഫുടമായി സ്വരം പ്രതി ധ്വനിക്കുന്നതുകൊണ്ട് ഇവിടെ മൈക്കിന്റെ ആവശ്യമില്ല നല്ല ജീവിത പങ്കാളിയെ ലഭിക്കുവാനും മക്കളെ ലഭിക്കുവാനും വി. അന്നയുടെ മാദ്ധ്യസ്ഥം നാം തേടുന്നു. വിശുദ്ധ അന്നയുടെ ദേവാലയത്തിനു വലതു വശത്തായി ബെത്സെയ്ത കുളം വറ്റി വരണ്ടു കിടക്കുന്നു. ഇതിൽ കൽപടവുകളും കാണാം.

പിന്നിട് ഒലിവ് മല സന്ദർശിച്ചു.'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ഒലിവുമലയിലെ ഒരു ഗുഹയിൽ വെച്ചാണ് ഈശോ പഠിപ്പിച്ചത്. ഈ ഗുഹ അതേപടി ഈ ദേവാലയമുറ്റത്ത് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥ ന 2018 യാളത്തിലടക്കം ലോകത്തിലെ സംരക്ഷിച്ചിട്ടുണ്ട്. ഈ ഗുഹയും ഇതിനു മുകളിലായി നിർമ്മിച്ച ദേവാലയവും സന്ദർശിച്ചു. ഇവിടെ വെച്ച് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന എല്ലാവരും ചേർന്നു ചൊല്ലി പ്രാർത്ഥിച്ചു. ഇവിടെ സ്വർ ഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന മലയാളമടക്കം വിവിധ ഭാഷകളിൽ കല്ലിൽ എഴുതിവെച്ചിട്ടുണ്ട്.

## ഗത്സമെൻ തോട്ടം

പിഢാസഹനത്തിനു മുമ്പ് യേശു രക്തം വിയർത്തു പ്രാർത്ഥിച്ച ഗത്സമെൻ തോട്ടവും, അതിനോട് ചേർന്നുള്ള ദേവാലയവും സന്ദർശിച്ചു. ജനക്കൂട്ടത്തോടൊപ്പം വന്ന യൂദാസ് ചുംബിച്ചുകൊണ്ട് യേശുവിനെ ഒറ്റിക്കൊടുത്തതും ശിഷ്യന്മാരിലൊ രാൾ വാളെടുത്ത് വെട്ടി സേവകന്റെ ചെവി മുറിച്ചതും, യേശു തൊട്ട് സുഖപ്പെടു ത്തിയതും ഇവിടെയാണ്. ഇതിനോടു ചേർന്നുള്ള ദേവാലയത്തിൽ യേശു ഇരുന്ന് പ്രാർത്ഥിച്ചതെന്ന് കരുതുന്ന പാറയുടെ മുകളിൽ ദേവാലയമുണ്ട്. അൾത്താരയുടെ മുകളിൽ യേശു പാറമേൽ ഇരുന്നു പ്രാർത്ഥിക്കുന്നതിന്റെയും, സ്വർഗ്ഗത്തിൽ നിന്ന് മാലാഖ ഇറങ്ങിവരുന്നതിന്റെയും ചിത്രം ആലേഖനം ചെയ്തിരിക്കുന്നു. വളരെ വൃത്തി യായി സംരക്ഷിച്ചിരിക്കുന്ന ഇവിടെ ക്രിസ്തുവിന്റെ കാലത്തോളം പഴക്കമുള്ള ഒരു ഒലിവുമരം സംരക്ഷിച്ചു നിർത്തിയിട്ടുണ്ട്.

*(തുടരും..)*



*അതിരൂപത തലത്തിൽ പാരിഷ് ബുള്ളറ്റിൻ ലേഖനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നമ്മുടെ ഇടവകയിലെ ഹോളി ട്രിനിറ്റി യൂണിറ്റ് അംഗമായ സ്റ്റാർലിൻ വർഗ്ഗീസ്, പയ്യപ്പിള്ളിയും ലേഖനവും*

## ഒരു ചെറു ചിന്ത

# പുളിമരം V/s ഏ.സി.

സൂര്യന് കീഴെയുള്ള ഏറെക്കുറെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന ഒരു വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഒരുപാട് തരത്തിലുള്ള ആളുകളെ ദിവസവും കൈകാര്യം ചെയ്യേണ്ടതായുണ്ട്. കുറച്ചുവർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം വളരെ കൗതുകം തോന്നുന്ന ഒരു പരാതി ലഭിച്ചു. "അയൽക്കാരന്റെ പുളിമരം മൂലം എന്റെ ഏ.സി.ക്ക് കേടു സംഭവിക്കുന്നു. പുളിമരം മുറിക്കുന്നതിന് നടപടി സ്വീകരിക്കണം.! ഇതായിരുന്നു ഉള്ളടക്കം. ഏതായാലും പരാതിയുടെ കണക്കിലെടുത്ത് ഞങ്ങൾ നേരിട്ട് അന്വേഷിക്കാൻ പുറപ്പെട്ടു. 'സ്നേഹമതിൽ' പങ്കിടുന്ന ഏകദേശം 3000 സ്ക്വയർ ഫീറ്റ് വലുപ്പം വരുന്ന 2 വലിയ വീടുകൾ. നെയിംബോർഡ് നോക്കി പരാതിക്കാരന്റെ വീട്ടിലെത്തി. മുറ്റത്തേക്ക് കയറുമ്പോൾ ചുറ്റും നിരീക്ഷിച്ചു. പുളിമരമൊന്നും കാണുന്നില്ല. ഗൃഹനാഥൻ വാതിൽ തുറന്നു. പിന്നിൽ തന്നെ ഗൃഹനാഥയും വന്നു. പരാതി അന്വേഷിക്കാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ രണ്ടുപേർക്കും പെരുത്ത് സന്തോഷം. അപ്പോഴും അയൽക്കാരന്റെ ദോഷങ്ങൾ ഓരോന്നായി പുറത്തെടുത്തു രണ്ടുപേരും. കേട് വന്ന ഏ.സി. എവിടെ എന്നന്വേഷിച്ചപ്പോൾ ഞങ്ങളെ വീടിന്റെ പുറകിലേക്ക് ക്ഷണിച്ചു. 'സ്നേഹമതിൽ' ചേർന്ന് നടന്ന് പുറകുവശത്ത് എത്തിയപ്പോൾ ചേട്ടൻ നിന്നു. ദേ കണ്ടോ! എന്ന്

ചോദിച്ച് മുകളിലേക്ക് കൈ ചൂണ്ടി. അയൽക്കാരന്റെ പറമ്പിൽ നിന്നും ഒരു പാവം ഇരുമ്പൻപുളിയുടെ ഒരു വിരലിന്റെ വണ്ണമുള്ള കമ്പ് ഏ.സി.യുടെ കംപ്രസ്സറിനെ തൊട്ടുതലോടി നിൽക്കുന്നു. ഒരു കൈകൊണ്ട് ഒടിച്ചാൽ ഒടിയുന്ന കമ്പ്!

'ഇതൊന്ന് ഒടിച്ചുതരാൻ അയൽക്കാരനോട് പറയാമായിരുന്നില്ലേ?' എന്ന് ചോദിച്ചു പോയി. 'അതൊന്നും ശരിയാകില്ല. നിങ്ങൾ പരിഹാരം കാണണം' ചേട്ടന് വാശി. ശരി എന്ന് പറഞ്ഞ് ഞങ്ങൾ ഇറങ്ങി,

എന്തായാലും എതിർകക്ഷിക്ക് കൂടി പറയാനുള്ളത് കേൾക്കാൻ വീട്ടിലേക്ക് കയറി. നല്ല വിലപിടിപ്പുള്ള ടൈൽ വിരിച്ച മുറ്റത്ത് ഗേറ്റിനടുത്തായി ആത്തച്ചക്ക പഴുത്ത് വീണ് തൊലിയും ചിതറി വൃത്തികേടായി കിടക്കുന്നു. ഇത്രേം വലിയ വീടുപണി തിട്ട് ഈ മുറ്റമൊന്ന് വൃത്തിയാക്കിക്കൂടേ? എന്ന് പരസ്പരം പറഞ്ഞ് ചുറ്റുമൊന്ന് നോക്കി. ഞെട്ടിപ്പോയി, ആത്തച്ചക്ക മരം നിൽക്കുന്നത് നമ്മുടെ പരാതിക്കാരൻ ചേട്ടന്റെ പറമ്പിൽ!

കൊമ്പ് മുഴുവന് ഇപ്പുറത്തെ പുരയിടത്തിലും! ഗൃഹനാഥൻ വരാന്തയിൽ ഉണ്ടായിരുന്നു. വിഷയം അവതരിപ്പിച്ചു. കേട്ടവഴി ഞാൻ ഒന്നു നോക്കട്ടെ എന്ന് പറഞ്ഞ് ചേട്ടൻ മുന്നിൽ നടന്നു. ഞങ്ങൾ 'തൊണ്ടിമുതൽ' കാണിച്ചുകൊടുത്തു. 'ശ്ശോ' ഇത് ഞാൻ ശ്രദ്ധിച്ചിരുന്നില്ല എന്ന് പറഞ്ഞ് ചേട്ടൻ മാവിൽ ചാരിവെച്ചിരുന്ന തോട്ടിയെടുത്ത് 'വില്ലൻ പുളിമരത്തിന്റെ' കമ്പ് ഒറ്റവലി. എന്റെ സമസ്ത അപരാധവും പൊറുക്കണമേ എന്ന് പറഞ്ഞ് കൊമ്പ് താഴെ. 'ഏ.സി.യ്ക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം. ഇത് കണ്ട് ജനലിലൂടെ ഒളിഞ്ഞുനോക്കി നിന്നിരുന്ന പരാതിക്കാരൻ ചേട്ടന്റെയും ചേച്ചിയുടെയും മുഖം ഇപ്പോഴും ഓർമ്മിക്കുന്നു.

ചേട്ടനോട് നന്ദി പറഞ്ഞ് പുറത്തേക്ക് നടക്കുമ്പോൾ, ഈ മുറ്റം വൃത്തികേടാകുന്നതിന് ചേട്ടന് പരാതിയില്ലേ എന്ന് ചോദിച്ചു. ഓ! അതൊരു സീസണൽ ഫ്രൂട്ട് അല്ലേ? അവന്റെ പേരക്കുട്ടികൾക്ക് അത് ഭയങ്കര ഇഷ്ടമാണ്. പറിക്കാൻ പറ്റാതെ കിടക്കുന്നത് പഴുത്ത് എന്റെ മുറ്റത്ത് വീഴും. ഞാൻ അത് 2 നേരവും വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കും. 2 ആഴ്ചകൂടി കഴിഞ്ഞാൻ പഴം ഒക്കെ തീരും. പിന്നെ അടുത്ത വർഷമല്ലേ? സാരമില്ല എന്നായിരുന്നു. ചേട്ടന്റെ മറുപടി. വല്ലാത്തൊരു ബഹുമാനം തോന്നി ആ ചേട്ടനോട്.

പ്രിയമുള്ളവരേ, ജപമാല മാസാചരണവും, ഹോം മിഷനും, ധ്യാനവുമൊക്കെ കഴിഞ്ഞ്, മരിച്ചവരെ ഓർമ്മിക്കുന്ന ഈ മാസത്തിൽ നമ്മുക്ക് നമ്മെത്തന്നെ പരിശോധിക്കാം. സെമിത്തേരിയിലെ ഓരോ കുഴിമാടവും ഓരോ കഥകൾ പറയുന്നു നമ്മോട്. എല്ലാവരും പറയുന്നത് ഒന്ന് തന്നെ - "എന്റെയും നിന്റെയും അവസാനം ഇവിടെത്തന്നെ - ആയതിനാൽ ജീവനുള്ള കാലം സ്നേഹിച്ചും, സഹായിച്ചും, ക്ഷമിച്ചും സന്തോഷമായിരിക്കുക" സങ്കീർത്തനം 49-ാം അധ്യായം ഇപ്രകാരം പറയുന്നു. "ജ്ഞാനി പോലും മരിക്കുമെന്നും, മണ്ടനും മന്ദബുദ്ധിയും ഒന്നുപോലെ നശിക്കുമെന്നും, തങ്ങളുടെ സമ്പത്ത് അന്യർക്കായി ഉപേക്ഷിച്ചുപോകുമെന്നും അവർ കാണും..."

# അസൂയയ്ക്ക് മരുന്നില്ല

– അഡ്രിൻ ബ്രൂസ്
സെ. തോമസ് യൂണിറ്റ്

ഓ, ഇവൻ തന്നെ എന്റെ മനസ്സിനിണങ്ങിയവൻ. ഗ്രാമത്തലവൻ സ്വഗതമായി പറഞ്ഞു. ഏറെക്കാലം കാത്തിരുന്നെങ്കിലും ഇങ്ങനെ ഒരു യുവാവിനെ കണ്ടെത്താനായല്ലോ. ഗ്രാമത്തിലുള്ളവരുടെ കെടുതികളും വ്യഥകളും അന്വേഷിച്ച് ചുറ്റിനടന്ന് താൻ വലഞ്ഞു. പറ്റിയ ഒരു സഹായിയെ കണ്ടെത്താൻ നടത്തിയ വേദിയായിരുന്നു അത്. വന്നവരെയൊന്നും ഗ്രാമത്തലവന് ബോധ്യപ്പെട്ടില്ല. അവസാനമാണ് നിഷ്ക്കളങ്കനും വിനയാന്വിതനുമായ ആ യുവാവിന്റെ മേൽ അയാളുടെ ദൃഷ്ടി പതിഞ്ഞത്വ നിന്റെ പേരെന്താണ്? മണികണ്ഠൻ - മുത്തുപൊഴിയുംപോലുള്ള മറുപടി. ഇവനു പരിശീലനം കൊടുത്ത് തന്റെ ജോലിഭാരം കുറയ്ക്കാം. കാര്യങ്ങൾ ഗ്രഹിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും മണികണ്ഠനിൽ നല്ല പ്രാഗൽഭ്യം അയാൾ കണ്ടെത്തി. തനിക്കിനി വിശ്രമിക്കാം. ദിനങ്ങളും മാസങ്ങളും കടന്നുപോയി. അസൂയാലുക്കൾ വെറുതെയിരുന്നില്ല. തങ്ങൾക്ക് കിട്ടേണ്ട സ്ഥാനമാണിവൻ തട്ടിയെടുത്തത്. അവനിൽ കുറ്റം കണ്ടെത്താൻ അവർ തക്കം പാർത്തിരുന്നു. അവരിലൊരുവൻ ഗ്രാമത്തലവനെ ഇങ്ങനെ ബോധിപ്പിച്ചു; ഇവൻ കൈക്കൂലി വാങ്ങുന്നത് ഞങ്ങൾ കണ്ടു. ഗ്രാമത്തലവൻ കോപം കൊണ്ടുവിറച്ചു, വേലിതന്നെ വിളവുതിന്നുകയോ. മണികണ്ഠനറിയാതെ ഗ്രാമത്തലവൻ അവനെ പിന്തുടർന്നു. അതാ ഒരു സഞ്ചിയുംതൂക്കി മണികണ്ഠൻ നടന്നു നീങ്ങുന്നു. കയ്യോടെ പിടികൂടി സഞ്ചി തുറപ്പിച്ചു. ഇതെന്താ നിന്റെ സഞ്ചിയിൽ. അവൻ തന്റെ യജമാനന്റെ കാലിൽ വീണ് തൊഴുത് പറഞ്ഞു. അടിയനോട് ക്ഷമിക്കണം. പിന്നെ അവൻ സഞ്ചിതുറന്നുകാണിച്ചു. ചിന്തേരിടുന്ന ഉപകരണവും ഉളിയും ഒരു സ്കെയിലും. ഇതെന്തിനാ മണികണ്ഠാ കൊണ്ടുനടക്കുന്നത്. അവൻ ശിരസ്സാനമിച്ചു പറഞ്ഞു. അടിയൻ ഒരു മരപ്പണിക്കാരനായിരുന്നു. എത്ര ഉയർന്ന സ്ഥാനത്തെത്തിയാലും ഞാനാരായിരുന്നു എന്ന് മറന്നുപോകാതിരിക്കാൻ ഇതെപ്പോഴും കയ്യിൽ കൊണ്ടുനടക്കും. മിടുക്കനായ അവനെ സംശയിച്ചതിൽ ഗ്രാമത്തലവൻ ദുഃഖിച്ചു. ചതിയന്മാരുടെ കൗശലം മനസ്സിലാക്കി തലവൻ അവരെ പിടികൂടി ജയിലിലടച്ചു. അസൂയ - അതിന് മരുന്നില്ലല്ലോ. മണികണ്ഠന്റെ വിശ്വാസ്യതയിൽ തൃപ്തനായി തന്റെ വസതിക്കടുത്തായി അവനും കുടുംബത്തിനും പാർക്കാൻ സൗകര്യമൊരുക്കിക്കൊടുത്തു. സത്യസന്ധതയെ തോൽപ്പിക്കാനാവില്ല.

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് നവംബർ 20-ാം തിയ്യതിക്കു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

---

**ചായമിടൽ മത്സര വിജയി – ഒക്ടോബർ 2023**
**ഒവിന റാഫി**
**സെന്റ് തോമസ് യൂണിറ്റ്**

"പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ
നിങ്ങൾ ശക്തിപ്രാപിക്കും." (അപ്പ. 1 :8)

30-ാമത്

# ദൈവശബ്ദം 2023



## ഏൽ റൂഹ
## ബൈബിൾ കൺവെൻഷൻ

നവംബർ
15 മുതൽ 19 വരെ
9 am to 4 pm
5 pm to 9 pm

സ്ഥലം :
STN മാർക്കറ്റ്
തൃശ്ശൂർ

**നേതൃത്വം നൽകുന്നത്**

**റവ.ഫാ. റാഫേൽ കോക്കാടൻ CMI & ടീം**
(ഡയറക്ടർ, ഏൽ റൂഹ റിട്രീറ്റ് സെന്റർ, കടലുണ്ടി)

**ഉദ്ഘാടനം**

**മാർ ജോർജ്ജ് ആലഞ്ചേരി**
മേജർ ആർച്ച് ബിഷപ്പ്
(സീറോ മലബാർ സഭ)

**റവ. ഫാ. ഷാജൻ തേർമഠം**
(ആത്മീയപിതാവ്, മീറ്റ് ജീസ്സസ് പ്രെയർ ടീം,
ഡയറക്ടർ, കരിസ്മാറ്റിക് നവീകരണം, തൃശ്ശൂർ അതിരൂപത)

**റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
രക്ഷാധികാരി
(റെക്ടർ, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ)

മീറ്റ് ജീസസ്സ് പ്രയർ ടീം S.T.N. മാർക്കറ്റ്, തൃശൂർ. Ph : 9287528951




Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393